
العقيدة الواسطية
لشيخ الإسلام ابن تيمية
അൽഅക്വീദത്തുൽ
വാസിത്വിയ്യ
ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ

**സൽസബീൽ സലഫി സംഘം**

## ഗ്രന്ഥരചനയുടെ കാരണത്തെപറ്റി

ശാഫിഈ മദ്ഹബുകാരനും വാസിത്ത് എന്ന പ്രദേശത്തെ ഖാദിയുമായ റദിയുദ്ദീൻ അൽ വാസിത്തി എന്ന ശൈഖ് ഒരിക്കൽ എന്റെ അടുത്തേക്ക് വരുകയുണ്ടായി. നന്മയും മതനിഷ്ഠയുമുള്ള അദ്ദേഹത്തിന്റെ ആഗമനത്തിനുപിന്നിൽ ഒരു ലക്ഷ്യമുണ്ടായിരുന്നു. താർത്താരീ ഭരണകൂടത്തിന്റെ കീഴിലും മറ്റും അധിവസിക്കുന്ന ജനങ്ങൾക്ക് നഷ്ടപ്പെട്ടുപോയ മതനിഷ്ഠയെയും വിജ്ഞാനത്തെയും പറ്റിയും അവരിൽ സാർവത്രികമായിക്കൊണ്ടിരിക്കുന്ന അജ്ഞതയെയും അക്രമങ്ങളെയും സംബന്ധിച്ചും അദ്ദേഹമെന്നോട് ആവലാതി പറഞ്ഞു. അദ്ദേഹത്തിനും കുടുംബത്തിനും അവലംബിക്കാവുന്ന ഒരു അകീദാ ഗ്രന്ഥം എഴുതിക്കൊടുക്കുവാൻ അദ്ദേഹമെന്നോട് ആവശ്യപ്പെട്ടു. പക്ഷെ ആ ആവശ്യത്തിൽ നിന്നും ഒഴിഞ്ഞുമാറിക്കൊണ്ട് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. വിരചിതമായ ധാരാളം അകീദാ ഗ്രന്ഥങ്ങൾ ഇന്നുണ്ട്. അതിൽ നിന്നും സുന്നത്തിന്റെ ഇമാമുകൾ രചിച്ച ഏതെങ്കിലുമൊന്ന് താങ്കൾ തെരഞ്ഞെടുക്കുക. പക്ഷെ അദ്ദേഹം തന്റെ ആവശ്യത്തിൽ ഉറച്ചു നിന്നുകൊണ്ട് എന്നോട് പ്രതിവചിച്ചു: താങ്കൾ രചിക്കുന്ന ഒരു അകീദാ ഗ്രന്ഥമല്ലാത്തെ മറ്റൊന്നും ഞാൻ ഇഷ്ടപ്പെടുന്നില്ല. അപ്പോൾ അദ്ദേഹത്തിനുവേണ്ടി അന്നേദിവസം തന്നെ - അസ്ർ നമസ്കാരാനന്തരം - ഞാൻ ഈ ഗ്രന്ഥം (അൽ അകീദത്തുൽ വാസിത്വിയ്യഃ) എഴുതി. ഈജിപ്തിലും ഇറാകിലും മറ്റിടങ്ങളിലുമായി ഇതിന്റെ ധാരാളം പ്രതികൾ ഇതിനകം തന്നെ പ്രചരിച്ചിട്ടുണ്ട്.

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ, *മജ്മൂഉൽ ഫതാവാ*
(ബൈറൂത്ത്: മുഅസ്സസത്തുർറിസാല, 1997)
വോല്യം 3, പുറം 164.

# ഒന്ന്

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

സത്യമതവും സന്മാർഗവുമായി തന്റെ ദൂതനെ അയച്ച അല്ലാഹുവിന് സ്തുതി; എല്ലാ മതങ്ങളേയും (തിരുദൂതർ കൊണ്ട് വന്ന മതം) അതിജയിക്കാൻ വേണ്ടിയാകുന്നു അത്. എല്ലാറ്റിനും സാക്ഷിയായി അല്ലാഹു മാത്രം മതി.

തൗഹീദിലതിഷ്ഠിതമായും മനസ്സിലുറച്ചുകൊണ്ടും അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനും പങ്കുകാരില്ലാത്തവനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

മുഹമ്മദ് അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു; അല്ലാഹു അദ്ദേഹത്തിന്മേലും അദ്ദേഹത്തിന്റെ കുടുംബം, അനുചരന്മാർ എന്നിവർക്കുമേലും നന്മചൊരിയുകയും അത്യധികം സമാധാനം ചൊരിയുകയും ചെയ്യട്ടെ.

വിജയിച്ച കക്ഷിയുടെ (ഫിർകത്തുന്നാജിയ), അന്ത്യനാൾവരെ സഹായിക്കപ്പെടുന്ന (അത്ത്വാഇഫത്തുൽ മൻസൂറ:) കക്ഷിയുടെ അഥവാ 'അഹ്ലുസ്സുന്നത്തിവൽ ജമാഅ:' യുടെ വിശ്വാസ സംഹിതയാണിത്. അതാത് അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും അവനയച്ച ദൂതന്മാരിലും മരണാനന്തര പുനരുദ്ധാരണത്തിലും വിധിയിലും അതിന്റെ നന്മയിലും തിന്മയിലും വിശ്വസിക്കുക.

അല്ലാഹുവിലുള്ള വിശ്വാസത്തിൽപ്പെട്ടതാണ്, അല്ലാഹു അവനെ പറ്റി അവന്റെ ഗ്രന്ഥത്തിൽ വിശേഷിപ്പിച്ചതും, അല്ലാഹുവിന്റെ ദൂതൻ അവനെ പറ്റി വിശദീകരിച്ചതുമായ വിശേഷണങ്ങൾ ദുർവ്യാഖ്യാനിക്കാതെയും, നിഷേധിക്കാതെയും, സാമ്യപ്പെടുത്താതെയും, ഉപമിക്കാതെയും വിശ്വസിക്കുക എന്നത്.

﴿لَيْسَ كَمِثْلِهِۦ شَىْءٌ ۖ وَهُوَ ٱلسَّمِيعُ ٱلْبَصِيرُ ﴿١١﴾﴾

"അവന് സാമ്യമൊത്ത ഒന്നുമില്ല, അവൻ എല്ലാം കോൾക്കുന്നവനും എല്ലാം കാണുന്നവനുമാണ്." (ശൂറ: 11) എന്ന് അല്ലാഹുവെ സംബന്ധിച്ച് അവർ വിശ്വസിക്കണം. അവൻ സ്വന്തത്തെ പറ്റി വിശേഷിപ്പിച്ചതായ ഒന്നും അവർ നിഷേധിക്കരുത്. പദങ്ങളെ അതിന്റെ യഥാസ്ഥാനത്ത് നിന്ന് കോട്ടിമാട്ടുകയോ അല്ലാഹുവിന്റെ നാമങ്ങളിലും ആയത്തുകളിലും കൃത്രിമം കാണിക്കുകയോ ചെയ്യരുത്. അല്ലാഹുവിന്റെ വിശേഷണങ്ങളുടെ രൂപം പറയുകയോ, സൃഷ്ടികളുടെ വിശേഷണങ്ങളോട് സാമ്യപ്പെടുത്തുകയോ ചെയ്യരുത്. കാരണം പരിശുദ്ധനായ അല്ലാഹുവിന് പേരൊത്തതായി ആരുമില്ല, അവന് സമന്മാരോ സദൃശ്യരോ ഇല്ല. പരിശുദ്ധനും ഉന്നതനുമായ അവനെ സൃഷ്ടികളോട് താരതമ്യം ചെയ്യാൻ കഴിയുന്നതുമല്ല.

തീർച്ചയായും, സ്വന്തത്തെപ്പറ്റിയും അന്യരെ പറ്റിയും ഏറ്റവും അറിവുള്ളവൻ അവൻ (അല്ലാഹു) തന്നെയാണ്. ഏറ്റവും വസ്തുതാപരവും നല്ലതും അവന്റെ വാക്കുകളാണ്. ശേഷം വിശ്വസ്തരായ അവന്റെ ദൂതന്മാരുടെ (വാക്കുകളും); അല്ലാഹുവെ പറ്റി അറിവില്ലാത്തവർ പറഞ്ഞുണ്ടാക്കുന്നതിന് വിരുദ്ധമായി കൊണ്ട് (ആകുന്നു കാര്യങ്ങൾ). അതുകൊണ്ടാണ് അല്ലാഹു ഇപ്രകാരം പറഞ്ഞത്:

﴿سُبْحَٰنَ رَبِّكَ رَبِّ ٱلْعِزَّةِ عَمَّا يَصِفُونَ ﴿١٨٠﴾ وَسَلَٰمٌ عَلَى ٱلْمُرْسَلِينَ ﴿١٨١﴾ وَٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿١٨٢﴾﴾

"പ്രതാപത്തിന്റെ നാഥനായ നിന്റെ രക്ഷിതാവ് അവർ ചമച്ചു പറയുന്നതിൽ നിന്നെല്ലാം എത്ര പരിശുദ്ധൻ! ദൂതന്മാർക്കു സമാധാനം. ലോക രക്ഷിതാവായ അല്ലാഹുവിന് സ്തുതി."(സ്വാഫ്ഫാത്ത്: 180-182) പ്രവാചകൻമാർക്ക് വിരുദ്ധമായ വിശദീകരണങ്ങൾ ജൽപ്പിക്കുന്നവർ അല്ലാഹുവെ സംബന്ധിച്ച് വിശദീകരിക്കുന്നതിൽ നിന്നും അവൻ സ്വന്തത്തെ പരിശുദ്ധപ്പെടുത്തി.

ദൂതന്മാർ പറഞ്ഞവ ന്യൂനതകളിൽ നിന്നും കുറവുകളിൽ നിന്നും മുക്തമാകയാൽ അവരുടെ മേൽ അവൻ സമാധാനവും രക്ഷയും നേർന്നു. സ്ഥാപിച്ചുകൊണ്ടും നിഷേധിച്ചുകൊണ്ടും തന്നെ പറ്റി വിശേഷിപ്പിച്ചതായ വിശേഷണങ്ങളെ പരസ്പരം അല്ലാഹു കൂട്ടിയോജിപ്പിച്ചുകൊണ്ട് പറഞ്ഞു. ദൂതന്മാർ കൊണ്ട് വന്നതിൽ അഭിപ്രായന്തരം 'അഹ്‌ലു സുന്നത്തിവൽ ജമാഅ:'യെ സംബന്ധിച്ചിടത്തോളം ഒരിക്കലുമില്ല. നിശ്ചയം, അതാണ് നേർമാർഗം, അല്ലാഹു അനുഗ്രഹം ചൊരിഞ്ഞവരായ പ്രവാചകർ, സിദ്ദീക്കുകൾ, രക്ത സാക്ഷികൾ, സൽകർമ്മികൾ തുടങ്ങിയവരുടെ പാത. ഇപ്പറഞ്ഞതിൽ, സൂറത്തുൽ ഇഖ്‌ലാസിൽ- ഖുർആനിന്റെ മൂന്നിലൊന്നിനോട് തുല്ല്യമായ അധ്യായം - അല്ലാഹു സ്വന്തത്തെ വിശേഷപ്പിച്ചതും ഉൾപ്പെടുന്നു.

**[സ്ഥാപിച്ചുകൊണ്ടും നിഷേധിച്ചുകൊണ്ടും അല്ലാഹുവെപറ്റി വിശേഷിപ്പിച്ച സ്വിഫത്തുകൾ]**

﴿قُلْ هُوَ ٱللَّهُ أَحَدٌ ① ٱللَّهُ ٱلصَّمَدُ ② لَمْ يَلِدْ وَلَمْ يُولَدْ ③ وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ ④﴾

"പറയുക: അല്ലാഹു ഏകനാണെന്നതാകുന്നു കാര്യം. അല്ലാഹു നിരാശ്രയനാകുന്നു. അവൻ ജനിച്ചിട്ടില്ല, ജനിപ്പിച്ചിട്ടുമില്ല. അവന് തുല്യനായി ഒരാളുമില്ല." (സൂറത്തുൽ ഇഖ്‌ലാസ്)

അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ ഏറ്റവും മഹത്തായ സൂക്തത്തിൽ അവൻ സ്വന്തത്തെ വിശദീകരിച്ചതും (ഇതിൽ ഉൾപ്പെടുന്നു).

﴿ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلْحَىُّ ٱلْقَيُّومُ ۚ لَا تَأْخُذُهُۥ سِنَةٌ وَلَا نَوْمٌ ۚ لَّهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۗ مَن ذَا ٱلَّذِى يَشْفَعُ عِندَهُۥٓ إِلَّا بِإِذْنِهِۦ ۚ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ ۖ وَلَا يُحِيطُونَ بِشَىْءٍ مِّنْ عِلْمِهِۦٓ إِلَّا بِمَا شَآءَ ۚ وَسِعَ كُرْسِيُّهُ ٱلسَّمَٰوَٰتِ وَٱلْأَرْضَ ۖ وَلَا يَـُٔودُهُۥ حِفْظُهُمَا ۚ وَهُوَ ٱلْعَلِىُّ ٱلْعَظِيمُ ٢٥٥﴾

"അല്ലാഹു അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കു ന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കയോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അ വന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താ നാരുണ്ട്?. അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷമമായി അറിയാൻ കഴിയില്ല. അവന്റെ അധികാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകു ന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉ ന്നതനും മഹാനുമത്രെ." (ബക്വറ : 255)

**[അൽഅവ്വൽ(അനാതി), അൽആഖിർ(അനന്ത്യൻ) എന്നീ നാമ വിശേഷങ്ങൾക്കുള്ള തെളിവ്]**

അല്ലാഹു പറഞ്ഞിരിക്കുന്നു:

﴿هُوَ ٱلْأَوَّلُ وَٱلْآخِرُ وَٱلظَّـٰهِرُ وَٱلْبَاطِنُ ۖ وَهُوَ بِكُلِّ شَىْءٍ عَلِيمٌ ۝٣﴾

"അവൻ ആദിയും അന്തിമനും പ്രത്യക്ഷമായവനും പരോക്ഷമാ യവനുമാണ്. അവൻ സർവ്വകാര്യങ്ങളെക്കുറിച്ചും അറിവുള്ളവനുമാ ണ്" (ഹദീദ്: 3)

**[അൽഹയ്യ് (എന്നെന്നും ജീവിച്ചിരിക്കുന്നവൻ)എന്ന നാമത്തിനു ള്ള തെളിവ്]**

﴿وَتَوَكَّلْ عَلَى ٱلْحَىِّ ٱلَّذِى لَا يَمُوتُ﴾

"മരിക്കാതെ, എന്നെന്നും ജീവിച്ചിരിക്കുന്നവനിൽ നീ ഭാരമേൽ പ്പിക്കുക." (ഫുർക്വാൻ: 58)

**[അൽഅലീം (എല്ലാമറിയുന്നവൻ), അൽഹകീം (യുക്തിമാൻ), അൽഖബീർ (സൂക്ഷ്മജ്ഞാനമുള്ളവൻ) എന്നീ നാമ വിശേഷങ്ങ ൾക്കുള്ള തെളിവ്]**

﴿وَهُوَ ٱلْعَلِيمُ ٱلْحَكِيمُ ۝٨٤﴾

"അവൻ യുക്തിമാനും എല്ലാമറിയുന്നവനുമാണ്." (സുഖ്റുഫ് :84)

﴿وَهُوَ ٱلْحَكِيمُ ٱلْخَبِيرُ ۝﴾

"എല്ലാം അറിയുന്നവനും സൂക്ഷ്മമായി മനസ്സിലാക്കുന്നവനുമാണ്." (തഹ്‌രീം: 3)

**[എല്ലാ സൃഷ്ടികളെ ചൂഴ്ന്നുനിൽക്കുന്ന അല്ലാഹുവിന്റെ അറിവ്]**

﴿يَعْلَمُ مَا يَلِجُ فِي ٱلْأَرْضِ وَمَا يَخْرُجُ مِنْهَا وَمَا يَنزِلُ مِنَ ٱلسَّمَآءِ وَمَا يَعْرُجُ فِيهَا ۚ﴾

"ഭൂമിയിൽ പ്രവേശിക്കുന്നതും അതിൽ നിന്ന് പുറത്തു വരുന്നതും, ആകാശത്ത് നിന്ന് ഇറങ്ങുന്നതും അതിലേക്ക് കയറിച്ചെല്ലുന്നതും അവൻ അറിഞ്ഞ് കൊണ്ടിരിക്കുന്നു. നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ട് താനും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു." (ഹദീദ് :4)

﴿۞ وَعِندَهُۥ مَفَاتِحُ ٱلْغَيْبِ لَا يَعْلَمُهَآ إِلَّا هُوَ ۚ وَيَعْلَمُ مَا فِي ٱلْبَرِّ وَٱلْبَحْرِ ۚ وَمَا تَسْقُطُ مِن وَرَقَةٍ إِلَّا يَعْلَمُهَا وَلَا حَبَّةٍ فِي ظُلُمَٰتِ ٱلْأَرْضِ وَلَا رَطْبٍ وَلَا يَابِسٍ إِلَّا فِي كِتَٰبٍ مُّبِينٍ ۝٥٩﴾

"അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല, കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇലപോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ, ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല." (അൻആം : 59)

﴿وَمَا تَحْمِلُ مِنْ أُنثَىٰ وَلَا تَضَعُ إِلَّا بِعِلْمِهِۦ ۚ﴾

"ഒരു സ്ത്രീയും ഗർഭം ധരിക്കുകയോ പ്രസവിക്കുകയോ ചെയ്യുന്നില്ല; അവന്റെ അറിവോട് കൂടിയല്ലാതെ." (ഫുസ്സിലത്ത്: 47)

﴿لِتَعْلَمُوٓا۟ أَنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ وَأَنَّ ٱللَّهَ قَدْ أَحَاطَ بِكُلِّ شَىْءٍ عِلْمًۢا ۝١٢﴾

"അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നുവെന്നും ഏത് വസ്തുവെയും ചൂഴ്ന്നറിയുന്നവനായിരുക്കുന്നു എന്നും നിങ്ങൾ മനസ്സിലാക്കുവാൻ വേണ്ടി...." (ത്വലാക്വ്: 12)

﴿إِنَّ ٱللَّهَ هُوَ ٱلرَّزَّاقُ ذُو ٱلْقُوَّةِ ٱلْمَتِينُ ﴾

"തീർച്ചയായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും." (ദാരിയാത്ത്: 58)

**[സംഅ് (കേൾവി), ബസ്വർ (കാഴ്ച്ച) എന്നീ വിശേഷങ്ങൾക്കുള്ള തെളിവ്]**

﴿لَيْسَ كَمِثْلِهِۦ شَىْءٌ ۖ وَهُوَ ٱلسَّمِيعُ ٱلْبَصِيرُ ﴾

"അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു." (ശൂറ :11)

﴿إِنَّ ٱللَّهَ نِعِمَّا يَعِظُكُم بِهِۦٓ ۗ إِنَّ ٱللَّهَ كَانَ سَمِيعًۢا بَصِيرًا ﴾

"എത്രയോ നല്ല ഉപദേശമാണ് അവൻ നിങ്ങൾക്ക് നൽകുന്നത്. തീർച്ചയായും എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു അല്ലാഹു." (നിസാഅ്: 11)

**[ഇറാദത്തും (ഉദ്ദേശം) മശീഅത്തും (ഇഛ)]**

﴿وَلَوْلَآ إِذْ دَخَلْتَ جَنَّتَكَ قُلْتَ مَا شَآءَ ٱللَّهُ لَا قُوَّةَ إِلَّا بِٱللَّهِ ۚ﴾

"നീ നിന്റെ തോട്ടത്തിൽ കടന്ന സമയത്ത്, ഇത് അല്ലാഹു ഉദ്ദേശിച്ചതത്രെ, അല്ലാഹുവെ കൊണ്ടല്ലാതെ യാതൊരു ശക്തിയും ഇല്ല എന്ന് നിനക്ക് പറഞ്ഞ് കൂടായിരുന്നോ?" (കഹ്ഫ് : 39).

﴿وَلَوْ شَآءَ ٱللَّهُ مَا ٱقْتَتَلُوا۟ وَلَٰكِنَّ ٱللَّهَ يَفْعَلُ مَا يُرِيدُ ﴾

"അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ പോരടിക്കുമായിരുന്നില്ല. പക്ഷെ അല്ലാഹു താൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു." (ബക്വറ: 253)

﴿أُحِلَّتْ لَكُم بَهِيمَةُ ٱلْأَنْعَٰمِ إِلَّا مَا يُتْلَىٰ عَلَيْكُمْ غَيْرَ مُحِلِّى ٱلصَّيْدِ وَأَنتُمْ حُرُمٌ ۗ إِنَّ ٱللَّهَ يَحْكُمُ مَا يُرِيدُ ﴾

"നിങ്ങൾക്ക് വിവരിച്ചുതരുന്നതൊഴിച്ചുള്ള ആട്, മാട്, ഒട്ടകം എന്നീ ഇനങ്ങളിൽപെട്ട മൃഗങ്ങൾ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. എന്നാൽ നിങ്ങൾ ഇഹ്റാമിൽ പ്രവേശിച്ചവരായിരിക്കെ വേട്ടയാടുന്നത് അനുവദനീയമാക്കരുത്. തീർച്ചയായും അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് വിധിക്കുന്നു." (മാഇദ : 1)

﴿فَمَن يُرِدِ ٱللَّهُ أَن يَهْدِيَهُۥ يَشْرَحْ صَدْرَهُۥ لِلْإِسْلَٰمِ ۖ وَمَن يُرِدْ أَن يُضِلَّهُۥ يَجْعَلْ صَدْرَهُۥ ضَيِّقًا حَرَجًا كَأَنَّمَا يَصَّعَّدُ فِى ٱلسَّمَآءِ ۚ﴾

"ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇസ്ലമിലേക്ക് അവൻ തുറന്നു കൊടുക്കുന്നതാണ്. ഏതൊരാളെ അല്ലാഹു പിഴവിലാക്കാൻ ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കി തീർക്കുന്നതാണ്. അവൻ ആകാശത്തിലൂടെ കയറിപ്പോകുന്നത് പോലെ." (അൻആം: 125)

**[മഹബ്ബത്ത് (സ്നേഹം), മവദ്ദത്ത് (ഇഷ്ടം)]**

﴿وَأَحْسِنُوٓا۟ ۛ إِنَّ ٱللَّهَ يُحِبُّ ٱلْمُحْسِنِينَ ﴿١٩٥﴾﴾

"നിങ്ങൾ സുകൃതം ചെയ്യുക. നിശ്ചയം സുകൃതവാൻമാരെ അല്ലാഹു സ്നേഹിക്കുന്നു." (ബഖറ: 195)

﴿وَأَقْسِطُوٓا۟ ۖ إِنَّ ٱللَّهَ يُحِبُّ ٱلْمُقْسِطِينَ ﴿٩﴾﴾

നിങ്ങൾ നീതി പാലിക്കുകയും ചെയ്യുക. നിശ്ചയം, അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു." (ഹുജുറാത്ത് : 9)

﴿فَمَا ٱسْتَقَٰمُوا۟ لَكُمْ فَٱسْتَقِيمُوا۟ لَهُمْ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُتَّقِينَ ﴿٧﴾﴾

"എന്നാൽ അവർ നിങ്ങളോട് ശരിയായി വർത്തിക്കുന്നേടത്തോളം നിങ്ങൾ അവരോടും ശരിയായി വർത്തിക്കുക. തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു." (തൗബ: 7)

﴿إِنَّ ٱللَّهَ يُحِبُّ ٱلتَّوَّٰبِينَ وَيُحِبُّ ٱلْمُتَطَهِّرِينَ ﴿٢٢٢﴾﴾

"തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെയും ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു." (ബഖറ : 222)

﴿قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِى يُحْبِبْكُمُ ﴾

"(നബിയേ) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കും." (ആലു ഇംറാൻ : 31)

﴿فَسَوْفَ يَأْتِى ٱللَّهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُۥٓ ﴾

"അല്ലാഹു ഇഷ്ടപ്പെടുന്നവരും, അല്ലാഹുവെ ഇഷ്ടപ്പെടുന്നവരുമായ മറ്റൊരു ജനവിഭാഗത്തെ അല്ലാഹു പകരം കൊണ്ട് വരുന്നതാണ്." (മാഇദ : 54)

﴿إِنَّ ٱللَّهَ يُحِبُّ ٱلَّذِينَ يُقَٰتِلُونَ فِى سَبِيلِهِۦ صَفًّا كَأَنَّهُم بُنْيَٰنٌ مَّرْصُوصٌ ﴿٤﴾ ﴾

"(കല്ലുകൾ) സുദൃഢമായി സംയോജിപ്പിച്ച ഒരു മതിൽ പോലെ അണിചേർന്നു കൊണ്ട് തന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നു." (സ്വഫ്ഫ്: 4)

﴿وَهُوَ ٱلْغَفُورُ ٱلْوَدُودُ ﴿١٤﴾ ﴾

"അവൻ ഏറെ പൊറുക്കുന്നവനും ഏറെ സ്നേഹമുള്ളവനുമാണ്." (ബുറൂജ് : 14)

**[റഹ്മത്ത് (കാരുണ്യം), മഗ്ഫിറത്ത് (പൊറുക്കൽ) എന്നീ വിശേഷങ്ങൾക്കുള്ള തെളിവ്]**

﴿بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ ﴿١﴾ ﴾

"പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ." (ഫാത്തിഹ: 1)

﴿رَبَّنَا وَسِعْتَ كُلَّ شَىْءٍ رَّحْمَةً وَعِلْمًا ﴾

"എല്ലാറ്റിനും മേൽ കാരുണ്യവും അറിവും വിശാലമായ ഞങ്ങളുടെ നാഥാ." (ഗാഫിർ : 7)

﴿وَرَحْمَتِي وَسِعَتْ كُلَّ شَيْءٍ﴾

"അവൻ സത്യവിശ്വാസികളോട് അത്യന്തം കരുണയുള്ളവനാകുന്നു." (അഹ്സാബ് : 43)

﴿وَرَحْمَتِي وَسِعَتْ كُلَّ شَيْءٍ﴾

"എന്റെ കാരുണ്യമാകട്ടെ സർവ വസ്തുക്കളെയും ഉൾക്കൊള്ളുന്നതാണ്." (അഅ്റാഫ്: 156)

﴿كَتَبَ عَلَىٰ نَفْسِهِ ٱلرَّحْمَةَ﴾

"നിങ്ങളുടെ രക്ഷിതാവ് കാരുണ്യത്തെ തന്റെ മേൽ (ബാധ്യതയായി) നിശ്ചയിച്ചിരിക്കുന്നു." (അൻആം : 12)

﴿وَهُوَ ٱلْغَفُورُ ٱلرَّحِيمُ﴾

"അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ്." (അഹ്ഖാഫ് : 8)

﴿فَٱللَّهُ خَيْرٌ حَٰفِظًا ۖ وَهُوَ أَرْحَمُ ٱلرَّٰحِمِينَ﴾

"എന്നാൽ അല്ലാഹുവാണ് നല്ലവണ്ണം കാത്തു സൂക്ഷിക്കുന്നവൻ. അവൻ കരുണയുള്ളവരിൽ ഏറ്റവും കാരുണികനാകുന്നു." (യൂസുഫ് : 64)

**[രിദ (തൃപ്തി), ഗൊദബ് (കോപം) എന്നീ വിശേഷണങ്ങൾക്കുള്ള തെളിവ്]**

﴿رَّضِيَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ﴾

"അല്ലാഹു അവരെ പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെ (അല്ലാഹുവെ) പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു." (അൽബയ്യിന : 8)

﴿وَمَن يَقْتُلْ مُؤْمِنًا مُّتَعَمِّدًا فَجَزَآؤُهُۥ جَهَنَّمُ خَٰلِدًا فِيهَا وَغَضِبَ ٱللَّهُ عَلَيْهِ وَلَعَنَهُۥ﴾

"ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂർവ്വം കൊലപ്പെടുത്തുന്ന പക്ഷം അവനുള്ള പ്രതിഫലം നരകമാകുന്നു. അവനതിൽ നിത്യവാസിയായിരിക്കും. അവന്റെ നേരെ അല്ലാഹു കോപിക്കുകയും,

അവനെ ശപിക്കുകയും ചെയ്തിരിക്കുന്നു." (നിസാഅ് : 93)

**[സുഖ്ത്ത് (വെറുപ്പ്) എന്ന വിശേഷണത്തിനുള്ള തെളിവ്]**

﴿ذَٰلِكَ بِأَنَّهُمُ ٱتَّبَعُوا۟ مَآ أَسْخَطَ ٱللَّهَ وَكَرِهُوا۟ رِضْوَٰنَهُۥ﴾

"അതെന്തുകൊണ്ടെന്നാൽ അല്ലാഹുവിന് വെറുപ്പുണ്ടാക്കുന്നകാര്യത്തെ അവർ പിന്തുടരുകയും, അവന്റെ പ്രീതി അവർ ഇഷ്ടപ്പെടാതിരിക്കുകയുമാണ് ചെയ്തത്." (മുഹമ്മദ് : 28)

﴿فَلَمَّآ ءَاسَفُونَا ٱنتَقَمْنَا مِنْهُمْ﴾

"അങ്ങനെ അവർ നമ്മെ പ്രകോപിപ്പിച്ചപ്പോൾ നാം അവരെ ശിക്ഷിച്ചു." (സുഖ്റുഫ് : 55)

﴿وَلَٰكِن كَرِهَ ٱللَّهُ ٱنۢبِعَاثَهُمْ فَثَبَّطَهُمْ﴾

"പക്ഷെ അവരുടെ പുറപ്പാട് അല്ലാഹു വെറുത്തതുകൊണ്ട് അവരെ പിന്തിരിപ്പിച്ചു നിർത്തിയിരിക്കുകയാണ്." (തൗബ : 46)

﴿كَبُرَ مَقْتًا عِندَ ٱللَّهِ أَن تَقُولُوا۟ مَا لَا تَفْعَلُونَ ۝٣﴾

"നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുക എന്നുള്ളത് അല്ലാഹുവിങ്കൽ വലിയ ക്രോധത്തിന് കാരണമായിരിക്കുന്നു." (സ്വഫ്ഫ് :3)

**[മജീഅ് (വരൽ), ഇത്ത്യാൻ (കൊണ്ടുവരൽ)എന്ന വിശേഷണത്തിനുള്ള തെളിവ്]**

﴿هَلْ يَنظُرُونَ إِلَّآ أَن يَأْتِيَهُمُ ٱللَّهُ فِى ظُلَلٍ مِّنَ ٱلْغَمَامِ وَٱلْمَلَٰٓئِكَةُ وَقُضِىَ ٱلْأَمْرُ﴾

"മേഘമേലാപ്പിൽ അല്ലാഹുവും മലക്കുകളും അവരുടെയടുത്ത് വരുകയും, കാര്യം തീരുമാനിക്കപ്പെടുകയും ചെയ്യുന്നത് മാത്രമാണോ അവർ കാത്തിരിക്കുന്നത്?" (ബഖറ : 210)

﴿هَلْ يَنظُرُونَ إِلَّآ أَن تَأْتِيَهُمُ ٱلْمَلَٰٓئِكَةُ أَوْ يَأْتِىَ رَبُّكَ أَوْ يَأْتِىَ بَعْضُ ءَايَٰتِ رَبِّكَ﴾

"തങ്ങളുടെ അടുത്ത് മലക്കുകൾ വരുന്നതോ, നിന്റെ രക്ഷിതാവ് തന്നെ വരുന്നതോ, നിന്റെ രക്ഷിതാവിന്റെ ഏതെങ്കിലുമൊരു ദൃഷ്ടാന്തം വരുന്നതോ അല്ലാതെ മറ്റെന്താണവർ കാത്തിരിക്കുന്നത്?." ( അൻആം: 158 ).

﴿كَلَّآ إِذَا دُكَّتِ ٱلْأَرْضُ دَكًّا دَكًّا ۝ وَجَآءَ رَبُّكَ وَٱلْمَلَكُ صَفًّا صَفًّا ۝﴾

"അല്ല, ഭൂമി പൊടിപൊടിയായി പൊടിക്കപ്പെടുകയും, നിന്റ രക്ഷിതാവും അണിയണിയായി മലക്കുകളും വരികയും (ചെയ്താൽ)" ( ഫജ്ർ: 21, 22).

﴿وَيَوْمَ تَشَقَّقُ ٱلسَّمَآءُ بِٱلْغَمَـٰمِ وَنُزِّلَ ٱلْمَلَـٰٓئِكَةُ تَنزِيلًا ۝﴾

"ആകാശം പൊട്ടിപ്പിളർന്ന് വെൺമേഘപടലം പുറത്തു വരുകയും, മലക്കുകൾ ശക്തിയായി ഇറക്കപ്പെടുകയും ചെയ്യുന്ന ദിവസം." ( ഫുർകാൻ: 25 )

**[വജ്ഹ് (മുഖം) എന്ന വിശേഷണത്തിനുള്ള തെളിവ്]**

﴿وَيَبْقَىٰ وَجْهُ رَبِّكَ ذُو ٱلْجَلَـٰلِ وَٱلْإِكْرَامِ ۝﴾

"മഹത്വവും ഉദാരതയും ഉള്ളവനായ നിന്റെ രക്ഷിതാവിന്റെ മുഖം അവശേഷിക്കുന്നതാണ്." (റഹ്മാൻ : 27)

﴿كُلُّ شَىْءٍ هَالِكٌ إِلَّا وَجْهَهُۥ﴾

"അവന്റെ തിരുമുഖം ഒഴികെ എല്ലാ വസ്തുക്കളും നാശമടയുന്നതാണ്." (ഖസസ് : 88)

**[യദ് (കൈ) എന്ന വിശേഷണത്തിനുള്ള തെളിവ്]**

﴿مَا مَنَعَكَ أَن تَسْجُدَ لِمَا خَلَقْتُ بِيَدَىَّ﴾

"എന്റെ കൈകൊണ്ട് ഞാൻ സൃഷ്ടിച്ചുണ്ടാക്കിയതിനെ നീ പ്രണമിക്കുന്നതിന് നിനക്കെന്ത് തടസ്സമാണുണ്ടായത്?." (സ്വാദ് : 75)

﴿وَقَالَتِ ٱلْيَهُودُ يَدُ ٱللَّهِ مَغْلُولَةٌ ۚ غُلَّتْ أَيْدِيهِمْ وَلُعِنُوا۟ بِمَا قَالُوا۟ ۘ بَلْ يَدَاهُ مَبْسُوطَتَانِ يُنفِقُ كَيْفَ يَشَآءُ ۚ﴾

"അല്ലാഹുവിന്റെ കൈകൾ ബന്ധിക്കപ്പെട്ടിരിക്കുകയാണ് എന്ന് യഹൂദൻമാർ പറഞ്ഞു, അവരുടെ കൈകൾ ബന്ധിതമാകട്ടെ, അവർ പറഞ്ഞ വാക്ക് കാരണം അവർ ശപിക്കപ്പെട്ടിരിക്കുന്നു. അല്ല, അവന്റെ ഇരു കൈകളും നിവർത്തപ്പെട്ടവയാകുന്നു. അവൻ എങ്ങനെ ഉദ്ദേശിക്കുന്നുവോ അങ്ങനെ ചെലവഴിക്കുന്നു." (മാഇദ: 48)

**[ഐൻ (കണ്ണ്) എന്ന വിശേഷണത്തിനുള്ള തെളിവ്]**

﴿وَٱصْبِرْ لِحُكْمِ رَبِّكَ فَإِنَّكَ بِأَعْيُنِنَا ۖ﴾

"നിന്റെ രക്ഷിതാവിന്റെ തീരുമാനത്തിന് നീ ക്ഷമാപൂർവം കാത്തിരിക്കുക. തീർച്ചയായും നീ നമ്മുടെ ദൃഷ്ടിയിലാകുന്നു." (ത്വൂർ: 48)

﴿وَحَمَلْنَٰهُ عَلَىٰ ذَاتِ أَلْوَٰحٍ وَدُسُرٍ ۝ تَجْرِى بِأَعْيُنِنَا جَزَآءً لِّمَن كَانَ كُفِرَ ۝﴾

"പലകകളും ആണികളുമുള്ള ഒരു കപ്പലിൽ അദ്ദേഹത്തെ നാം വഹിക്കുകയും ചെയ്തു. നമ്മുടെ കണ്ണുകളുടെ മേൽ (നോട്ടത്തിൽ) അത് സഞ്ചരിക്കുന്നു." (ഖമർ : 14)

﴿ وَأَلْقَيْتُ عَلَيْكَ مَحَبَّةً مِّنِّى وَلِتُصْنَعَ عَلَىٰ عَيْنِىٓ ۝ ﴾

"എന്റെ പക്കൽ നിന്നുള്ള സ്നേഹം നിന്റെ മേൽ ഇട്ടുതരികയും ചെയ്തു. എന്റെ കണ്ണുകളുടെ നോട്ടത്തിലായിക്കൊണ്ട് നീ വളർത്തിയെടുക്കപ്പെടാൻ വേണ്ടിയും കൂടിയാണ്." (ത്വാഹ : 39)

**[സംഅ് (കേൾവി), ബസ്വർ (കാഴ്ച്ച), റുഇയ്യ: (വീക്ഷണം) എന്നീ വിശേഷണങ്ങൾക്കുള്ള തെളിവ്]**

﴿قَدْ سَمِعَ ٱللَّهُ قَوْلَ ٱلَّتِى تُجَٰدِلُكَ فِى زَوْجِهَا وَتَشْتَكِىٓ إِلَى ٱللَّهِ وَٱللَّهُ يَسْمَعُ تَحَاوُرَكُمَآ ۚ إِنَّ ٱللَّهَ سَمِيعٌۢ بَصِيرٌ ۝﴾

"(നബിയോ), തന്റെ ഭർത്താവിന്റെ കാര്യത്തിൽ നിന്നോട് തർക്കിക്കുകയും അല്ലാഹുവിങ്കലേക്ക് സങ്കടം ബോധിപ്പിക്കുകയും ചെയ്യുന്നവളുടെ വാക്ക് അല്ലാഹു കേട്ടിട്ടുണ്ട്. അല്ലാഹു നിങ്ങൾ രണ്ടു പേരുടെയും സംഭാഷണം കേട്ടുകൊണ്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്." ( മുജാദില: 1)

﴿لَّقَدْ سَمِعَ ٱللَّهُ قَوْلَ ٱلَّذِينَ قَالُوٓا۟ إِنَّ ٱللَّهَ فَقِيرٌ وَنَحْنُ أَغْنِيَآءُ ۘ سَنَكْتُبُ مَا قَالُوا۟﴾

"അല്ലാഹു ദരിദ്രനും നമ്മൾ ധനികരുമാണ് എന്ന് പറഞ്ഞവരുടെ വാക്ക് അല്ലാഹു തീർച്ചയായും കേട്ടിട്ടുണ്ട്." (ആലുഇംറാൻ: 181)

﴿أَمْ يَحْسَبُونَ أَنَّا لَا نَسْمَعُ سِرَّهُمْ وَنَجْوَىٰهُم ۚ بَلَىٰ وَرُسُلُنَا لَدَيْهِمْ يَكْتُبُونَ ﴿٨٠﴾﴾

"അതല്ല, അവരുടെ രഹസ്യവും ഗൂഢാലോചനയും നാം കേൾക്കുന്നില്ല എന്ന് അവർ വിചാരിക്കുന്നുണ്ടോ? അതെ, നമ്മുടെ ദൂതന്മാർ (മലക്കുകൾ) അവരുടെ അടുക്കൽ എഴുതിയെടുക്കുന്നുണ്ട്." (സുഖ്റുഫ് : 20)

﴿إِنَّنِى مَعَكُمَآ أَسْمَعُ وَأَرَىٰ ﴿٤٦﴾﴾

"തീർച്ചയായും ഞാൻ കേൾക്കുകയും കാണുകയും ചെയ്യുന്നവനായി നിങ്ങളുടെ കൂടെയുണ്ട്." (ത്വാഹ : 46)

﴿أَلَمْ يَعْلَم بِأَنَّ ٱللَّهَ يَرَىٰ ﴿١٤﴾﴾

"അല്ലാഹു കാണുന്നുവെന്നവൻ അറിയുന്നില്ലേ?" (അലഖ് : 14)

﴿ٱلَّذِى يَرَىٰكَ حِينَ تَقُومُ ﴿٢١٨﴾ وَتَقَلُّبَكَ فِى ٱلسَّٰجِدِينَ ﴿٢١٩﴾ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٢٢٠﴾﴾

"നീ നിന്നു പ്രാർഥിക്കുന്ന സമയത്ത് നിന്നെ കാണുന്നവനത്രെ അവൻ. സാഷ്ടാംഗം ചെയ്യുന്നവരുടെ കൂട്ടത്തിലുള്ള നിന്റെ ചലന

വും (കാണുന്നവൻ). തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ." (ശുഅറാ : 218-220)

﴿وَقُلِ ٱعْمَلُوا۟ فَسَيَرَى ٱللَّهُ عَمَلَكُمْ وَرَسُولُهُۥ وَٱلْمُؤْمِنُونَ ﴾

"(നബിയേ) പറയുക : നിങ്ങൾ പ്രവർത്തിച്ച് കൊള്ളുക. അല്ലാഹുവും അവന്റെ ദൂതനും സത്യവിശ്വാസികളും നിങ്ങളുടെ പ്രവർത്തനം കണ്ടുകൊള്ളും." (തൗബ : 105)

**[മക്റ് (കുതന്ത്രം), കൈദ് (തന്ത്രം) എന്നീ വിശേഷണങ്ങൾക്കുള്ള തെളിവ്]**

﴿وَهُوَ شَدِيدُ ٱلْمِحَالِ ﴿١٣﴾﴾

"അതിശക്തമായി തന്ത്രം പ്രയോഗിക്കുന്നവനത്രെ അവൻ." (റഅ്ദ്: 13)

﴿وَمَكَرُوا۟ وَمَكَرَ ٱللَّهُ ۖ وَٱللَّهُ خَيْرُ ٱلْمَٰكِرِينَ ﴿٥٤﴾﴾

"അവർ (സത്യനിഷേധികൾ) തന്ത്രം പ്രയോഗിച്ചു. അല്ലാഹുവും തന്ത്രം പ്രയോഗിച്ചു. അല്ലാഹു നന്നായി തന്ത്രം പ്രയോഗിക്കുന്നവനാകുന്നു." (ആലുഇംറാൻ: 54)

﴿وَمَكَرُوا۟ مَكْرًا وَمَكَرْنَا مَكْرًا وَهُمْ لَا يَشْعُرُونَ ﴿٥٠﴾﴾

"അവർ ഒരു തന്ത്രം പ്രയോഗിച്ചു. അവർ ഓർക്കാതിരിക്കെ നാമും ഒരു തന്ത്രം പ്രയോഗിച്ചു." (നംല്: 50)

﴿إِنَّهُمْ يَكِيدُونَ كَيْدًا ﴿١٥﴾ وَأَكِيدُ كَيْدًا ﴿١٦﴾﴾

"തീർച്ചയായും അവർ (വലിയ) തന്ത്രം പ്രയോഗിച്ചു കൊണ്ടിരിക്കും. ഞാനും (വലിയ) തന്ത്രം പ്രയോഗിച്ചു കൊണ്ടിരിക്കും." (ത്വാരിക്: 15,16)

**[അഫ്‌വ് (മാപ്പ്), മഗ്ഫിറത്ത് (പൊറുക്കൽ), റഹ്മത്ത് (കാരുണ്യം), ഇസ്സത്ത് (പ്രതാപം), ഖുദ്റത്ത് (ശക്തി) എന്നീ വിശേഷണങ്ങൾക്കുള്ള തെളിവ്]**

﴿إِن تُبْدُوا۟ خَيْرًا أَوْ تُخْفُوهُ أَوْ تَعْفُوا۟ عَن سُوٓءٍ فَإِنَّ ٱللَّهَ كَانَ عَفُوًّا

قَدِيرًا ﴿١٤٩﴾﴾

"നിങ്ങൾ ഒരു നല്ല കാര്യം രഹസ്യമായോ പരസ്യമായോ ചെയ്യുകയാണെങ്കിൽ, അഥവാ, ഒരു ദുഷ് പ്രവൃത്തി മാപ്പു ചെയ്തു കൊടുക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു ഏറെ മാപ്പു നൽകുന്നവനും സർവ്വശക്തനുമാകുന്നു." (നിസാഅ്: 149)

﴿وَلۡيَعۡفُواْ وَلۡيَصۡفَحُوٓاْۗ أَلَا تُحِبُّونَ أَن يَغۡفِرَ ٱللَّهُ لَكُمۡۚ وَٱللَّهُ غَفُورٞ رَّحِيمٌ ﴿٢٢﴾﴾

"അവർ മാപ്പുനൽകുകയും വിട്ടു വീഴ്ച കാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ." (നൂർ : 22)

﴿وَلِلَّهِ ٱلۡعِزَّةُ وَلِرَسُولِهِۦ وَلِلۡمُؤۡمِنِينَ﴾

"അല്ലാഹുവിനും അവന്റെ ദൂതനും സത്യവിശ്വാസികൾക്കുമാകുന്നു പ്രതാപം." (മുനാഫിഖൂൻ : 8)

ഇബ്‌ലീസിനെ സംബന്ധിച്ച് പറഞ്ഞകൂട്ടത്തിൽ അല്ലാഹു പറയുന്നു.

﴿قَالَ فَبِعِزَّتِكَ لَأُغۡوِيَنَّهُمۡ أَجۡمَعِينَ ﴿٨٢﴾﴾

"നിന്റെ പ്രതാപം തന്നെ സത്യം, അവരെ മുഴുവനും ഞാൻ വഴിപിഴപ്പിക്കുകതന്നെ ചെയ്യും." (സ്വാദ്: 82)

**[അല്ലാഹുവിന്റ നാമ-വിശേഷണങ്ങൾ തുല്ല്യതയില്ലാത്തവയാണ്. ഉപമിക്കുവാനോ, രൂപം പറയുവാനോ, സദൃശ്യപ്പെടുത്തുവാനോ, വ്യാഖ്യാനിക്കുവാനോ പാടില്ല എന്നതിനുള്ള തെളിവ്]**

﴿تَبَٰرَكَ ٱسۡمُ رَبِّكَ ذِي ٱلۡجَلَٰلِ وَٱلۡإِكۡرَامِ ﴿٧٨﴾﴾

"മഹത്വവും ഔദാര്യവും ഉള്ളവനായ നിന്റെ രക്ഷിതാവിന്റെ നാമം ഉൽകൃഷ്ടമായിരിക്കുന്നു." (റഹ്മാൻ: 78)

﴿فَٱعۡبُدۡهُ وَٱصۡطَبِرۡ لِعِبَٰدَتِهِۦۚ هَلۡ تَعۡلَمُ لَهُۥ سَمِيّٗا ﴿٦٥﴾﴾

"അതിനാൽ നീ അവനെ ആരാധിക്കുകയും അവനുള്ള ആരാധനയിൽ സഹനം പാലിക്കുകയും ചെയ്യുക. അവന് നാമമൊത്ത ആരെയെങ്കിലും നിനക്കറിയുമോ?." (മർയം : 65)

﴿وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ ۝٤﴾

"അവന് തുല്ല്യനായി മറ്റാരുമില്ല." (ഇഖ്ലാസ് : 4).

"അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമന്മാരെ സ്ഥാപിക്കരുത്." (ബക്വറ : 22)

﴿وَمِنَ ٱلنَّاسِ مَن يَتَّخِذُ مِن دُونِ ٱللَّهِ أَندَادًا يُحِبُّونَهُمْ كَحُبِّ ٱللَّهِ﴾

"അല്ലാഹുവിന് പുറമെയുള്ളവരെ അവന് സമന്മാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നത് പോലെ ഈ ആളുകൾ അവരെയും സ്നേഹിക്കുന്നു." (ബക്വറ: 165).

**[അല്ലാഹുവിന് പങ്കുകാരെ സ്ഥാപിക്കുന്നതിനെ നിഷേധിക്കുന്നതിനുള്ള തെളിവ്]**

﴿وَقُلِ ٱلْحَمْدُ لِلَّهِ ٱلَّذِى لَمْ يَتَّخِذْ وَلَدًا وَلَمْ يَكُن لَّهُۥ شَرِيكٌ فِى ٱلْمُلْكِ
وَلَمْ يَكُن لَّهُۥ وَلِىٌّ مِّنَ ٱلذُّلِّ ۖ وَكَبِّرْهُ تَكْبِيرًۢا ۝١١١﴾

"സന്താനത്തെ സ്വീകരിച്ചിട്ടില്ലാത്തവനും, അധിപത്യത്തിൽ പങ്കാളിയില്ലാത്തവനും നിന്ദ്യതയിൽ നിന്ന് രക്ഷിക്കാൻ ഒരു രക്ഷകൻ ആവശ്യമില്ലാത്തവനുമായ അല്ലാഹുവിന് സ്തുതി എന്ന് നീ പറയുകയും അവനെ ശരിയാംവണ്ണം മഹത്വപ്പെടുത്തുകയും ചെയ്യുക." (ഇസ്റാഅ് : 111)

﴿يُسَبِّحُ لِلَّهِ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۖ لَهُ ٱلْمُلْكُ وَلَهُ ٱلْحَمْدُ ۖ وَهُوَ
عَلَىٰ كُلِّ شَىْءٍ قَدِيرٌ ۝١﴾

"ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹുവെ പ്രകീർത്തിക്കുന്നു. അവനാണ് ആധിപത്യം. അവനാണ് സ്തുതി. അവൻ ഏതുകാര്യത്തിനും കഴിവുള്ളവനാകുന്നു." (തഗാബുൻ : 1)

﴿تَبَارَكَ ٱلَّذِى نَزَّلَ ٱلْفُرْقَانَ عَلَىٰ عَبْدِهِۦ لِيَكُونَ لِلْعَٰلَمِينَ نَذِيرًا ۝١ ٱلَّذِى لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَلَمْ يَتَّخِذْ وَلَدًا وَلَمْ يَكُن لَّهُۥ شَرِيكٌ فِى ٱلْمُلْكِ وَخَلَقَ كُلَّ شَىْءٍ فَقَدَّرَهُۥ تَقْدِيرًا ۝٢﴾

"തന്റെ ദാസന്റെ മേൽ സത്യാസത്യ വിവേചനത്തിനുള്ള പ്രമാണം അവതരിപ്പിച്ചവൻ അനുഗ്രഹപൂർണ്ണനാകുന്നു. അദ്ദേഹം (റസൂൽ) ലോകർക്ക് ഒരു താക്കീതുകരാൻ ആയിരിക്കുന്നതിനു വേണ്ടിയത്രെ അത്. ആകാശഭൂമികളുടെ ആധിപത്യം ആർക്കാണോ അവനത്രെ (അത് അവതരിപ്പിച്ചവൻ). അവൻ സന്താനത്തെ സ്വീകരിച്ചിട്ടില്ല. ആധിപത്യത്തിൽ അവന് യാതൊരു പങ്കാളിയും ഉണ്ടായിട്ടുമില്ല. ഓരോ വസ്തുവെയും അവൻ സൃഷ്ടിക്കുകയും, അതിനെ അവൻ ശരിയാം വണ്ണം വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു." ( ഫുർകാൻ : 1,2)

﴿مَا ٱتَّخَذَ ٱللَّهُ مِن وَلَدٍ وَمَا كَانَ مَعَهُۥ مِنْ إِلَٰهٍ ۚ إِذًا لَّذَهَبَ كُلُّ إِلَٰهٍۭ بِمَا خَلَقَ وَلَعَلَا بَعْضُهُمْ عَلَىٰ بَعْضٍ ۚ سُبْحَٰنَ ٱللَّهِ عَمَّا يَصِفُونَ ۝٩١

"അല്ലാഹു യാതൊരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല, അവനോടൊപ്പം യാതൊരു ദൈവവുമുണ്ടായിട്ടില്ല. അങ്ങനെയായിരുന്നെങ്കിൽ ഓരോ ദൈവവും താൻ സൃഷ്ടിച്ചതുമായി പോയിക്കളയുകയും, അവരിൽ ചിലർ ചിലരെ അടിച്ചമർത്തുകയും ചെയ്യുമായിരുന്നു. അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്ര പരിശുദ്ധൻ!." (മുഅ്മിനൂൻ : 91)

عَٰلِمِ ٱلْغَيْبِ وَٱلشَّهَٰدَةِ فَتَعَٰلَىٰ عَمَّا يُشْرِكُونَ ۝٩٢﴾

"അവൻ ദൃശ്യവും അദൃശ്യവും അറിയുന്നവനാകുന്നു. അതിനാൽ അവൻ അവർ പങ്കുചേർക്കുന്നതിനെല്ലാം അതീതനായിരിക്കുന്നു." (മുഅ്മിനൂൻ: 92)

﴿فَلَا تَضْرِبُوا۟ لِلَّهِ ٱلْأَمْثَالَ ۚ إِنَّ ٱللَّهَ يَعْلَمُ وَأَنتُمْ لَا تَعْلَمُونَ ۝٧٤﴾

"ആകയാൽ അല്ലാഹുവിനു നിങ്ങൾ ഉപമകൾ പറയരുത്. തീർച്ച യായും അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല." (നഹ്‌ല് : 74)

﴿قُلْ إِنَّمَا حَرَّمَ رَبِّيَ الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَالْإِثْمَ وَالْبَغْيَ بِغَيْرِ الْحَقِّ وَأَن تُشْرِكُوا بِاللَّهِ مَا لَمْ يُنَزِّلْ بِهِ سُلْطَانًا وَأَن تَقُولُوا عَلَى اللَّهِ مَا لَا تَعْلَمُونَ ﴿٣٣﴾﴾

"പറയുക : എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷ മായതും പരോക്ഷമായതുമായ നീചവൃത്തികളും അധർമ്മവും ന്യാ യം കൂടാതെയുള്ള കയ്യേറ്റവും, യാതൊരു പ്രമാണവും അല്ലാഹു ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനോട് നിങ്ങൾ പങ്കുചേർക്കുന്നതും, അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കു വിവരമില്ലാത്തത് നിങ്ങൾ പറ ഞ്ഞുണ്ടാക്കുന്നതും മാത്രമാണ്." (അഅ്റാഫ് : 33)

**[( സിംഹാസനാരോഹണം ) ഇസ്തിവാഇനുള്ള തെളിവ്]**

﴿الرَّحْمَٰنُ عَلَى الْعَرْشِ اسْتَوَىٰ ﴿٥﴾﴾

"പരമകാരുണികൻ സിംഹാസനസ്ഥനായി." (ത്വാഹ: 5)

ഏഴ് സ്ഥലങ്ങളിൽ അല്ലാഹു ഇപ്രകാരം പറഞ്ഞു :

സൂറത്തുൽ അഅ്റാഫിൽ അല്ലാഹു പറഞ്ഞു:

﴿إِنَّ رَبَّكُمُ اللَّهُ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ فِي سِتَّةِ أَيَّامٍ ثُمَّ اسْتَوَىٰ عَلَى الْعَرْشِ﴾

"തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആറു ദിവസങ്ങളിലായി (ഘട്ടങ്ങളിലായി) ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനായ അല്ലാ ഹുവാകുന്നു. എന്നിട്ടവൻ സിംഹാസനസ്ഥനായിരിക്കുന്നു." (അഅ് റാഫ്: 54)

സൂറത്തു യൂനുസിൽ ഇപ്രകാരം പറഞ്ഞു:

﴿إِنَّ رَبَّكُمُ اللَّهُ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ فِي سِتَّةِ أَيَّامٍ ثُمَّ اسْتَوَىٰ عَلَى الْعَرْشِ﴾

"തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആകാശങ്ങളും ഭൂമിയും ആറുദിവസങ്ങളിലായി സൃഷ്ടിക്കുകയും, പിന്നീട് കാര്യങ്ങൾ നിയന്ത്രിച്ചുകൊണ്ട് സിംഹാസനസ്ഥനാവുകയും ചെയ്ത അല്ലാഹുവാകുന്നു." (യൂനുസ്:3)

സൂറത്തുർറഅ്ദിൽ പറഞ്ഞു:

﴿ٱللَّهُ ٱلَّذِى رَفَعَ ٱلسَّمَـٰوَٰتِ بِغَيْرِ عَمَدٍ تَرَوْنَهَا ۖ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۖ﴾

"അല്ലാഹുവാകുന്നു നിങ്ങൾക്ക് കാണാവുന്ന അവലംബങ്ങൾ കൂടാതെ ആകാശങ്ങൾ ഉയർത്തി നിർത്തിയവൻ പിന്നെ അവൻ സിംഹാസനസ്ഥനാകുകയും ചെയ്തു." (റഅ്ദ് : 2)

സൂറത്തുത്വാഹയിൽ പറഞ്ഞു:

﴿ٱلرَّحْمَـٰنُ عَلَى ٱلْعَرْشِ ٱسْتَوَىٰ ۝﴾

"പരമകാരുണികൻ സിംഹാസനസ്ഥനായിരിക്കുന്നു." (ത്വാഹ : 5)

സൂറത്തുൽ ഫുർകാനിൽ പറഞ്ഞു:

﴿ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۚ﴾

"ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും ആറുദിവസങ്ങളിൽ സൃഷ്ടിച്ചവനത്രെ അവൻ . എന്നിട്ട് അവൻ സിംഹാസനസ്ഥനായി." (ഫുർകാൻ : 59)

അലിഫ് ലാം മീം സജദ:യിൽ പറയുകയുണ്ടായി:

﴿ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۖ﴾

"അല്ലാഹുവാകുന്നു ആറ് ദിവസങ്ങളിലായി (ഘട്ടങ്ങളിലായി) ആകാശഭൂമികളേയും അവക്കിടയിലുള്ളതും സൃഷ്ടിച്ചത്. ശേഷം അവൻ സിംഹാസനസ്ഥനായി." (സജദ : 4)

സൂറത്തുൽ ഹദീദിൽ പറയുകയുണ്ടായി:

﴿هُوَ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۚ﴾

"അവനാകുന്നു ആറ് ദിവസങ്ങളിലായികൊണ്ട് ആകാശഭൂമികളെ സൃഷ്ടിച്ചതി. ശേഷമവൻ സിംഹാസനസ്ഥനായി." (ഹദീദ് : 4)

**[ഉലുവ്വ് (ഉന്നതി) എന്ന വിശേഷണത്തിനുള്ള തെളിവ്]**

﴿يَٰعِيسَىٰٓ إِنِّى مُتَوَفِّيكَ وَرَافِعُكَ إِلَىَّ﴾

"ഹേ, ഈസാ, തീർച്ചയായും നിന്നെ നാം പൂർണ്ണമായി ഏറ്റെടുക്കുകയും, എന്റെ അടുക്കലേക്ക് ഉയർത്തുകയും ചെയ്യുന്നതാണ്." (ആലുഇംറാൻ : 55)

﴿بَل رَّفَعَهُ ٱللَّهُ إِلَيْهِ ۚ﴾

"എന്നാൽ അല്ലാഹു അദ്ദേഹത്തെ അവനിലേക്ക് ഉയർത്തുകയാണുണ്ടായത്." (നിസാഅ് : 158)

﴿إِلَيْهِ يَصْعَدُ ٱلْكَلِمُ ٱلطَّيِّبُ وَٱلْعَمَلُ ٱلصَّٰلِحُ يَرْفَعُهُۥ ۚ﴾

"അവങ്കലേക്കാകുന്നു ഉത്തമ വചനങ്ങൾ കയറി പോകുന്നത്. നല്ല പ്രവർത്തനത്തെ അവൻ ഉയർത്തുകയും ചെയ്യുന്നു." (ഫാത്വിർ: 10).

﴿ يَٰهَٰمَٰنُ ٱبْنِ لِى صَرْحًا لَّعَلِّىٓ أَبْلُغُ ٱلْأَسْبَٰبَ ﴿٣٦﴾ أَسْبَٰبَ ٱلسَّمَٰوَٰتِ فَأَطَّلِعَ إِلَىٰٓ إِلَٰهِ مُوسَىٰ وَإِنِّى لَأَظُنُّهُۥ كَٰذِبًا ۚ﴾

"ഹാമാനെ, എനിക്ക് ആ മാർഗങ്ങളിൽ എത്താവുന്ന വിധം എനിക്കുവേണ്ടി നീ ഒരു ഉന്നത സൗധം പണിതുതരൂ, അഥവാ ആകാശമാർഗങ്ങളിൽ. എന്നിട്ടു മൂസായുടെ ദൈവത്തിന്റെ അടുത്തേക്ക് എത്തി നോക്കുവാൻ." (ഗാഫിർ : 37)

﴿ءَأَمِنتُم مَّن فِى ٱلسَّمَآءِ أَن يَخْسِفَ بِكُمُ ٱلْأَرْضَ فَإِذَا هِىَ تَمُورُ ﴿١٦﴾ أَمْ أَمِنتُم مَّن فِى ٱلسَّمَآءِ أَن يُرْسِلَ عَلَيْكُمْ حَاصِبًا ۖ فَسَتَعْلَمُونَ كَيْفَ نَذِيرِ ﴿١٧﴾﴾

"ആകാശത്തുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതി നെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ? അപ്പോൾ അത് (ഭൂമി) ഇളകി മറിഞ്ഞു കൊണ്ടിരിക്കും. അതല്ല, ആകാശത്തുള്ളവൻ നിങ്ങ ളുടെ നേരെ ഒരു ചരൽ വർഷം അയക്കുന്നതിനെപ്പറ്റി നിങ്ങൾ നിർഭ യരായിരിക്കുകയാണോ? എന്റെ താക്കീത് എങ്ങനെയുണ്ടെന്ന് നിങ്ങൾ വഴിയെ അറിഞ്ഞുകൊള്ളും." (മുൽക്ക് : 17,18)

**[മഇയ്യത്ത് (അടുപ്പം) എന്ന വിശേഷണത്തിനുള്ള തെളിവ്]**

هُوَ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۚ يَعْلَمُ مَا يَلِجُ فِى ٱلْأَرْضِ وَمَا يَخْرُجُ مِنْهَا وَمَا يَنزِلُ مِنَ ٱلسَّمَآءِ وَمَا يَعْرُجُ فِيهَا ۖ وَهُوَ مَعَكُمْ أَيْنَ مَا كُنتُمْ ۚ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿٤﴾

"ആകാശങ്ങളും ഭൂമിയും ആറുദിവസങ്ങളിലായി സൃഷ്ടിച്ചവനാ ണ് അവൻ. പിന്നീട് അവൻ സിംഹാസനസ്ഥനായി. ഭൂമിയിൽ പ്രവേ ശിക്കുന്നതും അതിൽ നിന്ന് പുറത്ത് വരുന്നതും, ആകാശത്ത് നിന്ന് ഇറങ്ങുന്നതും അതിലേക്ക് കയറിച്ചെല്ലുന്നതും അവൻ അറിഞ്ഞു കൊണ്ടിരിക്കുന്നു. നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളു ടെ കൂടെയുണ്ടായിരിക്കും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു." (ഹദീദ് : 4)

﴿مَا يَكُونُ مِن نَّجْوَىٰ ثَلَٰثَةٍ إِلَّا هُوَ رَابِعُهُمْ وَلَا خَمْسَةٍ إِلَّا هُوَ سَادِسُهُمْ وَلَآ أَدْنَىٰ مِن ذَٰلِكَ وَلَآ أَكْثَرَ إِلَّا هُوَ مَعَهُمْ أَيْنَ مَا كَانُوا۟ ۖ ثُمَّ يُنَبِّئُهُم بِمَا عَمِلُوا۟ يَوْمَ ٱلْقِيَٰمَةِ ۚ إِنَّ ٱللَّهَ بِكُلِّ شَىْءٍ عَلِيمٌ ﴿٧﴾

"മൂന്നു പേർ തമ്മിലുള്ള യാതൊരു രഹസ്യ സംഭാഷണവും അവൻ (അല്ലാഹു) അവർക്കു നാലാമനായിക്കൊണ്ടല്ലാതെ ഉണ്ടാവു കയില്ല. അഞ്ചുപേരുടെ സംഭാഷണമാണെങ്കിൽ അവൻ അവർക്കു ആറാമനായിക്കൊണ്ടുമല്ലാതെ. അതിനെക്കാൾ കുറഞ്ഞവരുടെയോ, കൂടിയവരുടെയോ (സംഭാഷണം) ആണെങ്കിൽ അവർ എവിടെയായി

രുന്നാലും അവൻ അവരോടൊപ്പമുണ്ടായിട്ടല്ലാതെ. പിന്നീട് ഉയർത്തെഴുന്നേൽപ്പിന്റെ നാളിൽ, അവർ പ്രവർത്തിച്ചതിനെപ്പറ്റി അവരെ അവൻ വിവരമറിയിക്കുന്നതാണ്. തീർച്ചയായും അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു." (മുജാദില : 7)

﴿لَا تَحْزَنْ إِنَّ ٱللَّهَ مَعَنَا﴾

"താങ്കൾ ദു:ഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മോടൊപ്പമുണ്ട്." (തൗബ: 40)

﴿إِنَّنِي مَعَكُمَآ أَسْمَعُ وَأَرَىٰ ﴿٤٦﴾﴾

"കേൾക്കുന്നവനും കാണുന്നവനുമായി ഞാൻ നിങ്ങളുടെ രണ്ടു പേരോടൊപ്പമുണ്ട്." (ത്വാഹ: 46)

﴿إِنَّ ٱللَّهَ مَعَ ٱلَّذِينَ ٱتَّقَواْ وَّٱلَّذِينَ هُم مُّحْسِنُونَ ﴿١٢٨﴾﴾

"തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിച്ചവരോടൊപ്പമാകുന്നു. സദ്‌വൃത്തരായിട്ടുള്ളവരോടൊപ്പവും." (നഹ്ൽ :128)

﴿وَٱصْبِرُوٓاْ ۚ إِنَّ ٱللَّهَ مَعَ ٱلصَّٰبِرِينَ ﴿٤٦﴾﴾

"നിങ്ങൾ ക്ഷമിക്കുക, തീർച്ചയായും അല്ലാഹു ക്ഷമിക്കുന്നവരോടൊപ്പമാകുന്നു." (അൻഫാൽ : 46)

﴿كَم مِّن فِئَةٍ قَلِيلَةٍ غَلَبَتْ فِئَةً كَثِيرَةًۢ بِإِذْنِ ٱللَّهِ ۗ وَٱللَّهُ مَعَ ٱلصَّٰبِرِينَ ﴿٢٤٩﴾﴾

"എത്രയെത്ര ചെറിയ സംഘങ്ങളാണ് വലിയ സംഘങ്ങളെ കീഴ്പ്പെടുത്തിയിരുന്നത്; അല്ലാഹുവിന്റെ അനുമതിയോടെ. അല്ലാഹു ക്ഷമാശീലരോടൊപ്പമാകുന്നു." (ബഖറ : 249)

**[കലാം (സംസാരം) എന്ന വിശേഷണത്തിനുള്ള തെളിവ്]**

﴿وَمَنْ أَصْدَقُ مِنَ ٱللَّهِ حَدِيثًا ﴿٨٧﴾﴾

"അല്ലാഹുവേക്കാൾ സത്യസന്ധമായി വിവരം നൽകുന്നവൻ ആരുണ്ട്?." (നിസാഅ് : 87)

﴿وَمَنۡ أَصۡدَقُ مِنَ ٱللَّهِ قِيلٗا ﴾

"അല്ലാഹുവേക്കാൾ സത്യസന്ധമായി സംസാരിക്കുന്നവൻ ആരുണ്ട്?." (നിസാഅ് : 122)

﴿إِذۡ قَالَ ٱللَّهُ يَٰعِيسَى ٱبۡنَ مَرۡيَمَ﴾

"അല്ലാഹു പറഞ്ഞ സന്ദർഭം, ഈസബ്നു മർയമേ.." (മാഇദ: 116)

﴿وَتَمَّتۡ كَلِمَتُ رَبِّكَ صِدۡقٗا وَعَدۡلٗا﴾

"നിന്റെ രക്ഷിതാവിന്റെ വചനം സത്യത്തിലും നീതിയിലും പരിപൂർണമായിരിക്കുന്നു." (അൻആം : 115).

﴿وَكَلَّمَ ٱللَّهُ مُوسَىٰ تَكۡلِيمٗا ﴾

"മൂസായോട് അല്ലാഹു നേരിട്ട് സംസാരിക്കുകയും ചെയ്തു." (നിസാഅ് :164)

﴿مِّنۡهُم مَّن كَلَّمَ ٱللَّهُ﴾

"അവരിൽ അല്ലാഹുവോട് (നേരിട്ട്) സംസാരിച്ചവരുണ്ട്." (ബക്വറ: 253)

﴿وَلَمَّا جَآءَ مُوسَىٰ لِمِيقَٰتِنَا وَكَلَّمَهُۥ رَبُّهُۥ﴾

"നമ്മുടെ നിശ്ചിത സമയത്തിന് മൂസാവരികയും അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തപ്പോൾ." (അഅ്റാഫ്: 143)

﴿وَنَٰدَيۡنَٰهُ مِن جَانِبِ ٱلطُّورِ ٱلۡأَيۡمَنِ وَقَرَّبۡنَٰهُ نَجِيّٗا ﴾

"പർവതത്തിന്റെ വലതുഭാഗത്തുനിന്ന് നാം അദ്ദേഹത്തെ വിളിക്കുകയും, രഹസ്യ സംഭാഷണത്തിനായി നാം അദ്ദേഹത്തിന് സാമീപ്യം നൽകുകയും ച്ചെയ്തു." (മർയം: 52)

﴿وَإِذۡ نَادَىٰ رَبُّكَ مُوسَىٰٓ أَنِ ٱئۡتِ ٱلۡقَوۡمَ ٱلظَّٰلِمِينَ ﴾

"നിന്റെ രക്ഷിതാവ് മൂസായെ വിളിച്ചുകൊണ്ട്, നീ ആ അക്രമികളായ ജനങ്ങളുടെ അടുത്തേക്ക് ചെല്ലുക. (എന്നു പറഞ്ഞ സന്ദർഭം)" (ശുഅറാ: 10)

﴿وَنَادَىٰهُمَا رَبُّهُمَآ أَلَمْ أَنْهَكُمَا عَن تِلْكُمَا ٱلشَّجَرَةِ﴾

"അവർ ഇരുവരെയും വിളിച്ച് അവരുടെ രക്ഷിതാവ് പറഞ്ഞു: ആ വൃക്ഷത്തിൽ നിന്നും ഞാൻ നിങ്ങളെ വിലക്കിയിട്ടില്ലേ?" (അഅ്റാഫ്: 22)

﴿وَيَوْمَ يُنَادِيهِمْ فَيَقُولُ مَاذَآ أَجَبْتُمُ ٱلْمُرْسَلِينَ ۝﴾

"അവൻ (അല്ലാഹു) അവരെ വിളിക്കുകയും, ദൈവദൂതന്മാർക്ക് എന്ത് ഉത്തരമാണ് നിങ്ങൾ നൽകിയത് എന്ന് ചോദിക്കുകയും ചെയ്യുന്ന ദിവസം." (ഖസസ് : 65)

**[ഖുർആൻ അല്ലാഹുവിന്റെ കലാമാണ് (വചനം) സൃഷ്ടിയല്ല എന്നതിനുള്ള തെളിവ്]**

﴿وَإِنْ أَحَدٌ مِّنَ ٱلْمُشْرِكِينَ ٱسْتَجَارَكَ فَأَجِرْهُ حَتَّىٰ يَسْمَعَ كَلَـٰمَ ٱللَّهِ﴾

"ബഹുദൈവവിശ്വാസികളിൽ വല്ലവനും നിന്റെ അടുക്കൽ അഭയം തേടി വന്നാൽ അല്ലാഹുവിന്റെ വചനം അവൻ കേട്ടു ഗ്രഹിക്കാൻ വേണ്ടി അവന് അഭയം നൽകുക." (തൗബ: 6)

﴿وَقَدْ كَانَ فَرِيقٌ مِّنْهُمْ يَسْمَعُونَ كَلَـٰمَ ٱللَّهِ ثُمَّ يُحَرِّفُونَهُۥ مِنۢ بَعْدِ مَا عَقَلُوهُ وَهُمْ يَعْلَمُونَ ۝﴾

"അവരിൽ ഒരു വിഭാഗം അല്ലാഹുവിന്റെ വചനങ്ങൾ കേൾക്കുകയും, അത് ശരിക്കും മനസ്സിലാക്കിയതിന് ശേഷം ബോധപൂർവ്വം തന്നെ അതിൽ കൃത്രിമം കാണിച്ചുകൊണ്ടിരിക്കുകയുമാണല്ലോ." (ബഖറ: 75)

﴿يُرِيدُونَ أَن يُبَدِّلُوا۟ كَلَـٰمَ ٱللَّهِ ۚ قُل لَّن تَتَّبِعُونَا كَذَٰلِكُمْ قَالَ ٱللَّهُ مِن قَبْلُ﴾

"അല്ലാഹുവിന്റെ വാക്കിന് മാറ്റം വരുത്താനാണ് അവർ ഉദ്ദേശിക്കുന്നത്, നീ പറയുക, നിങ്ങൾ ഒരിക്കലും ഞങ്ങളെ അനുഗമിക്കുകയില്ല, അപ്രകാരമാണ് അല്ലാഹു മുമ്പേ പറഞ്ഞിട്ടുള്ളത്." (ഫത്ഹ്:15)

﴿وَٱتْلُ مَآ أُوحِىَ إِلَيْكَ مِن كِتَابِ رَبِّكَ ۖ لَا مُبَدِّلَ لِكَلِمَـٰتِهِۦ﴾

"നിനക്ക് ബോധനം നൽകപ്പെട്ട നിന്റെ രക്ഷിതാവിന്റെ ഗ്രന്ഥം നീ പാരായണം ചെയ്യുക. അവന്റെ വചനങ്ങൾക്ക് ഭേദഗതി വരുത്താനാരുമില്ല." (കഹ്ഫ് : 27)

﴿إِنَّ هَـٰذَا ٱلْقُرْءَانَ يَقُصُّ عَلَىٰ بَنِىٓ إِسْرَٰٓءِيلَ أَكْثَرَ ٱلَّذِى هُمْ فِيهِ يَخْتَلِفُونَ ﴿٧٦﴾﴾

"ഇസ്രായീൽ സന്തതികൾ അഭിപ്രായഭിന്നത പുലർത്തിക്കൊണ്ടിരിക്കുന്ന വിഷയങ്ങളിൽ മിക്കതും ഈ ഖുർആൻ അവർക്ക് വിവരിച്ചു കൊടുക്കുന്നു." (നംല് : 76)

﴿وَهَـٰذَا كِتَـٰبٌ أَنزَلْنَـٰهُ مُبَارَكٌ﴾

"ഇതാ, നാം അവതരിപ്പിച്ച, നന്മ നിറഞ്ഞ ഒരു ഗ്രന്ഥം." (അൻആം : 92)

﴿لَوْ أَنزَلْنَا هَـٰذَا ٱلْقُرْءَانَ عَلَىٰ جَبَلٍ لَّرَأَيْتَهُۥ خَـٰشِعًا مُّتَصَدِّعًا مِّنْ خَشْيَةِ ٱللَّهِ ۚ﴾

"ഈ ഖുർആനിനെ നാം ഒരു പർവ്വതത്തിൻമേൽ അവതരിപ്പിച്ചിരുന്നുവെങ്കിൽ അത് വിനീതമാകുന്നതും അല്ലാഹുവെ പറ്റിയുള്ള ഭയത്താൽ പൊടിപ്പിളരുന്നതും നിനക്കു കാണാമായിരുന്നു." (ഹശ്ർ :21)

﴿وَإِذَا بَدَّلْنَآ ءَايَةً مَّكَانَ ءَايَةٍ ۙ وَٱللَّهُ أَعْلَمُ بِمَا يُنَزِّلُ قَالُوٓا۟ إِنَّمَآ أَنتَ مُفْتَرٍۭ ۚ بَلْ أَكْثَرُهُمْ لَا يَعْلَمُونَ ﴿١٠١﴾ قُلْ نَزَّلَهُۥ رُوحُ ٱلْقُدُسِ مِن رَّبِّكَ بِٱلْحَقِّ لِيُثَبِّتَ ٱلَّذِينَ ءَامَنُوا۟ وَهُدًى وَبُشْرَىٰ لِلْمُسْلِمِينَ ﴿١٠٢﴾ وَلَقَدْ نَعْلَمُ أَنَّهُمْ يَقُولُونَ إِنَّمَا يُعَلِّمُهُۥ بَشَرٌ ۗ لِّسَانُ ٱلَّذِى يُلْحِدُونَ إِلَيْهِ أَعْجَمِىٌّ وَهَـٰذَا لِسَانٌ عَرَبِىٌّ مُّبِينٌ ﴿١٠٣﴾﴾

“ഒരു വേദവാക്യത്തിന്റെ സ്ഥാനത്ത് മറ്റൊരു വേദവാക്യം നാം പകരം വെച്ചാൽ- അല്ലാഹുവാകട്ടെ താൻ അവതരിപ്പിക്കുന്നതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവനാണ് താനും- അവർ പറയും : നീ കെട്ടിച്ചമച്ചു പറയുന്നവൻ മാത്രമാകുന്നുവെന്ന്. അല്ല, അവരിൽ അധികപേരും മനസ്സിലാക്കുന്നില്ല. പറയുക: വിശ്വസിച്ചവരെ ഉറപ്പിച്ച് നിർത്താൻ വേണ്ടിയും, കീഴ്പ്പെട്ടു ജീവിക്കുന്നവർക്ക് മാർഗദർശനവും സന്തോഷവാർത്തയും ആയി കൊണ്ടും സത്യപ്രകാരം പരിശുദ്ധാത്മാവ് നിന്റെ രക്ഷിതാവിങ്കൽ നിന്ന് അത് ഇറക്കിയിരിക്കുകയാണ്. ഒരു മനുഷ്യൻ തന്നെയാണ് അദ്ദേഹത്തിന് (നബിക്ക്) പഠിപ്പിച്ചു കൊടുക്കുന്നത് എന്ന് അവർ പറയുന്നുണ്ടെന്ന് തീർച്ചയായും നമുക്കറിയാം. അവർ ദുസ്സൂചന നടത്തിക്കൊണ്ടിരിക്കുന്നത് ഏതൊരാളെപ്പറ്റിയാണോ ആ ആളുടെ ഭാഷ അനറബിയാകുന്നു. ഇതാകട്ടെ സ്പഷ്ടമായ അറബി ഭാഷയാകുന്നു.” (നഹ്ൽ : 101-103)

**[വിശ്വാസികൾ സ്വർഗത്തിൽ അല്ലാഹുവെ കാണുമെന്നതിന് തെളിവ്]**

﴿وُجُوهٌ يَوْمَئِذٍ نَّاضِرَةٌ ﴿٢٢﴾ إِلَىٰ رَبِّهَا نَاظِرَةٌ ﴿٢٣﴾﴾

“ചില മുഖങ്ങൾ അന്ന് പ്രസന്നതയുള്ളതും, അവരുടെ രക്ഷിതാവിന്റെ നേർക്ക് ദൃഷ്ടി തിരിച്ചവയുമായിരിക്കും.” (ഖിയാമഃ : 22,23)

﴿عَلَى الْأَرَائِكِ يَنظُرُونَ ﴿٢٣﴾﴾

“സോഫകളിലിരുന്ന് അവർ നോക്കികൊണ്ടിരിക്കും.” (മുത്വഫ്ഫിഫീൻ : 23)

﴿۞ لِّلَّذِينَ أَحْسَنُوا الْحُسْنَىٰ وَزِيَادَةٌ﴾

“സുകൃതം ചെയ്തവർക്ക് ഏറ്റവും ഉത്തമമായ പ്രതിഫലവും കൂടുതൽ നേട്ടവുമുണ്ട്.” (യൂനുസ് : 26)[1]

﴿لَهُم مَّا يَشَاءُونَ فِيهَا وَلَدَيْنَا مَزِيدٌ ﴿٣٥﴾﴾

---

1. ഈ ‘കൂടുതൽ നേട്ടം’ എന്നത് അല്ലാഹുവെ നേരിട്ട് കാണാനുള്ള സൗഭാഗ്യമാണെന്ന് ഹദീഥുകളിൽ വന്നിട്ടുണ്ട് -(വിവ.)

"അവർക്കവിടെ (സ്വർഗത്തിൽ) ഉദ്ദേശിക്കുന്നതെന്തും ഉണ്ടായിരിക്കും. നമ്മുടെ പക്കലാകട്ടെ കൂടുതലായി പലതുമുണ്ട്." (ഖാഫ് : 35)

ഈ വിഷയത്തിൽ ക്വുർആനിൽ നിന്നും ഒരുപാട് തെളിവുകളുണ്ട്. സന്മാർഗത്തെ അന്വേഷിപ്പിക്കുന്നവനായ നിലയിൽ ക്വുർആനെ പറ്റി ചിന്തിക്കുന്നവർക്ക് സത്യമാർഗം വ്യക്തമാകുമെന്നത് തീർച്ച.

## രണ്ട്

റസൂലുല്ലാഹി (സ) യുടെ തിരുചര്യയിൽ നിന്നുള്ള (വിശ്വാസ പാഠങ്ങളും തെളിവുകളും.) സുന്നത്ത് (തിരുചര്യ) ക്വുർആനെ വ്യാഖ്യാനിക്കുകയും വ്യക്തമായി വിശദീകരിച്ചുതരികയും തെളിയിക്കുകയും (ക്വുർആന്റെ ആശയങ്ങളെ) ആവിഷ്ക്കരിക്കുകയും ചെയ്യുന്നു. റസൂൽ (സ) തന്റെ റബ്ബിനെ പറ്റി വിശദീകരിച്ചതായി - സ്വാഹീഹായ ഹദീഥുകളിലൂടെ, പണ്ഡിത കേസരികൾ (സത്യസന്ധമാണെന്ന് അംഗീകരിച്ച്) സ്വീകരിച്ചവ - വന്നകാര്യങ്ങളെല്ലാം അപ്രകാരം വിശ്വസിക്കലും നിർബന്ധമാണ്. അവയിൽപ്പെട്ടവയാണ് തുടർന്നു (പറയപ്പെടുന്ന ഹദീഥുകൾ).

**[നുസൂൽ (ഇറക്കം)]**

നബി (സ) പറഞ്ഞു:

يَنْزِلُ رَبُّنَا إِلَى السَّمَاءِ الدُّنْيَا كُلَّ لَيْلَةٍ حِينَ يَبْقَى ثُلُثُ اللَّيْلِ الآخِرِ، فَيَقُولُ: مَنْ يَدْعُونِي فَأَسْتَجِيبَ لَهُ؟ مَنْ يَسْأَلُنِي فَأُعْطِيَهُ، مَنْ يَسْتَغْفِرُنِي فَأَغْفِرَ لَهُ؟

"രാത്രിയുടെ മൂന്നിലൊരുഭാഗം അവശേഷിക്കവെ- എല്ലാരാത്രിയും- നമ്മുടെ രക്ഷിതാവ് ഒന്നാനാകാശത്തേക്ക് ഇറങ്ങി വരും, എന്നിട്ട് ചോദിക്കും: ആരാണെന്നോട് പ്രാർത്ഥിക്കുന്നത്? അവനു ഞാൻ ഉത്തരം നൽകാം. ആരാണെന്നോട് ചോദിക്കുന്നവനായുള്ളത്? അവനു ഞാൻ നൽകാം ആരാണെന്നോട് പാപമോചനത്തിനായി കേഴു

ന്നത്, അവനു ഞാൻ (പാപങ്ങൾ) പൊറുത്തു കൊടുക്കും." (മുത്തഫകുൻ അലൈഹി)[2]

**[ഫറഹ് (സന്തോഷം)]**

നബി (സ) പറഞ്ഞു:

لَلَّهُ أَشَدُّ فَرَحًا بِتَوْبَةِ عَبْدِهِ الْمُؤْمِنِ التَّائِبِ مِنْ أَحَدِكُمْ بِرَاحِلَتِهِ

"(നഷ്ടപ്പെട്ട) വാഹനം തിരിച്ചു കിട്ടിയ, നിങ്ങളിലൊരുവൻ സന്തോഷിക്കുന്നതിനേക്കാൾ ഏറെ കൂടുതൽ തന്റെ വിശ്വാസിയും പശ്ചാത്തപിക്കുന്നവരുമായ തന്റെ അടിമയുടെ പശ്ചാത്താപം കൊണ്ട് അല്ലാഹു സന്തോഷിക്കുന്നവൻ തന്നെയാകുന്നു." (മുത്തഫകുൻ അലൈഹി).

നബി (സ) പറഞ്ഞു:

يَضْحَكُ اللهُ إِلَى رَجُلَيْنِ يَقْتُلُ أَحَدُهُمَا الآخَرَ؛ كِلاهُمَا يَدْخُلُ الْجَنَّةَ

"ഒരാൾ മറ്റൊരാളെ വധിക്കുകയും (ശേഷം ഘാതകൻ അനുതപിച്ച് വിശ്വാസിയായി തീർന്ന്) രണ്ട് പേരും സ്വർഗത്തിൽ പ്രവേശിക്കുന്നു, (ഇപ്രകാരമുള്ള) രണ്ടാളുകളുടെ (കാര്യത്തിൽ) അല്ലാഹു ചിരിക്കുന്നതാണ്." (മുത്തഫകുൻ അലൈഹി)

**[തഅജ്ജുബ് (അത്ഭുതം)]**

നബി (സ) പറഞ്ഞു:

عَجِبَ رَبُّنَا مِنْ قُنُوطِ عِبَادِهِ وَقُرْبِ خَيْرِهِ، يَنْظُرُ إِلَيْكُمْ أَزِلِينَ قَنِطِينَ، فَيَظَلُّ يَضْحَكُ يَعْلَمُ أَنَّ فَرَجَكُمْ قَرِيبٌ

"നന്മ അടുത്തുള്ളവനായിരിക്കെ തന്നെ നിരാശനായ തന്റെ അടിമയെ തൊട്ട് അല്ലാഹു അത്ഭുതപ്പെടും. നിങ്ങൾ നിരാശരും നിഷ്ക്രിയരുമായിരിക്കെ നിങ്ങളിലേക്ക് അവൻ നോക്കും, ആശ്വാസം സമീപസ്ഥമാണെന്ന് അറിയാവുന്നതിനാൽ അവൻ ചിരിച്ച് കൊണ്ടിരിക്കും." (ഹസനായ ഹദീഥ്)

---

2. ബുഖാരിയും മുസ്‌ലിമും ഒരുപോലെ തങ്ങളുടെ സ്വഹീഹുകളിൽ (ഹദീഥ് ഗ്രന്ഥങ്ങൾ) യോജിച്ച് ഉൾപ്പെടുത്തിയ, സ്വീകാര്യതയിൽ ഏറ്റവും മുന്തിയ ഹദീഥുകളാണ് മുത്തഫകുൻ അലൈഹി - (വിവ.)

[ഖദം (കാൽപാദം)]

നബി (സ) പറഞ്ഞു:

لا تَزَالُ جَهَنَّمُ يُلْقَى فِيهَا وَهِيَ تَقُولُ: هَلْ مِنْ مَزِيدٍ؟ حَتَّى يَضَعَ رَبُّ الْعِزَّةِ فِيهَا رِجْلَهُ [وَفِي رِوَايَةٍ: عَلَيْهَا قَدَمَهُ] فَيَنْزَوِي بَعْضُهَا إِلَى بَعْضٍ، فَتَقُولُ: قَط قَط

"നരകം അതിൽ എത്ര (ആളുകൾ) പതിക്കുന്നതായാലും ഇനിയുമുണ്ടോ? എന്ന് ചോദിച്ചുകൊണ്ടിരിക്കും. പ്രതാപവാനായ നാഥൻ തന്റെ പാദം അതിൽ വെക്കുന്നതു വരെ. മറ്റൊരു നിവേദനത്തിൽ ഇപ്രകാരമാണ്- അതിന്റെ മുകളിൽ തന്റെ കാൽപാദം വെക്കുമ്പോൾ, അവ അതിന്റെ ഓരോ മൂലകളും (പിന്തള്ളി) ഒതുങ്ങി കൊണ്ട് പറയും. ഇനിയൊരിക്കലും വേണ്ട.. ഇനി ഒരിക്കലും..." (മുത്തഫഖുൻ അലൈഹി)

[ശബ്ദം (സ്വൗത്ത്), (നിദാഅ്) വിളി, കലാം (സംസാരം)]

നബി (സ) പറഞ്ഞു:

يَقُولُ تَعَالَى: يَا آدَمُ! فَيَقُولُ: لَبَّيْكَ وَسَعْدَيْكَ. فَيُنَادِي بِصَوتٍ: إِنَّ اللهَ يَأْمُرُكَ أَنْ تُخْرِجَ مِن ذُرِّيَّتِكَ بَعْثًا إِلَى النَّارِ

"മഹോന്നതൻ പറയും: ആദമേ. അപ്പോൾ അദ്ദേഹം (ആദം) പറയും: നിന്റെ വിളിക്ക് ഞാൻ ഉത്തരം നൽകിയിരിക്കുന്നു, അപ്പോൾ ഉയർന്ന സ്വരത്തിൽ വിളിച്ച് പറയും: നിശ്ചയമായും, നിന്റെ സന്താനങ്ങളിൽ നിന്നും നരകത്തിലേക്കുള്ള നിയോഗസംഘത്തെ നീ പുറത്തുകൊണ്ടു വരുവാൻ അല്ലാഹു നിന്നോട് കൽപ്പിക്കുന്നു." (മുത്തഫഖുൻ അലൈഹി)

നബി (സ) പറഞ്ഞു:

مَا مِنْكُمْ مِنْ أَحَدٍ إِلاَّ سَيُكَلِّمُهُ رَبُّهُ وَلَيْسَ بَيْنَهُ وَبَيْنَهُ تَرْجُمَانٌ

"അല്ലാഹുവോട് - പരിഭാഷകനില്ലാതെ - നേരിട്ട് (പരലോകത്ത്) സംസാരിക്കാത്തവരായി ആരും തന്നെ നിങ്ങളുടെ കൂട്ടത്തിലില്ല."

**[ഉലുവ്വ് (ഉന്നതി), ഇസ്തിവാഅ് അലൽ അർശ് (സിംഹാസനാരോഹണം)]**

രോഗിക്കുവേണ്ടിയുള്ള ശമനപ്രാർത്ഥനയിൽ ഇപ്രകാരം വന്നിരിക്കുന്നു.

رَبَّنَا اللهُ الَّذِي فِي السَّمَاءِ، تَقَدَّسَ اسْمُكَ، أَمْرُكَ فِي السَّمَاءِ وَالأَرْضِ، كَمَا رَحْمَتُكَ فِي السَّمَاءِ اجْعَلْ رَحْمَتَكَ فِي الأَرْضِ، اغْفِرْ لَنَا حُوبَنَا وَخَطَايَانَا، أَنْتَ رَبُّ الطَّيِّبِينَ، أَنْزِلْ رَحْمَةً مِنْ رَحْمَتِكَ، وَشِفَاءً مِنْ شِفَائِكَ عَلَى هَذَا الْوَجَعِ؛ فَيَبْرَأَ

"ആകാശത്തുള്ളവനായ (ഉപരിയിൽ) അല്ലാഹുവെ, ഞങ്ങളുടെ നാഥാ, നിന്റെ നാമം പരിപാവനമാക്കപ്പെടുന്നു. ആകാശഭൂമികളിൽ നിന്റെ കൽപ്പനാധികാരമാണ് , നിന്റെ കാരുണ്യത്തെ നീ ആകാശലോകത്ത് ആക്കിയതു പോലെ ഭൂമിയിലുമാക്കേണമേ, ഞങ്ങളുടെ തെറ്റുകളും കുറ്റങ്ങളും നീ ഞങ്ങൾക്ക് പൊറുത്തുതരണമേ. നീ ഉത്തമന്മാരുടെ രക്ഷിതാവല്ലയോ. നിന്റെ കാരുണ്യത്തിൽ നിന്നുള്ള ഒരു കാരുണ്യവും, നിന്റെ ശമനത്തിൽ നിന്നുള്ള ശമനവും ഈ വേദനിക്കുന്നവനിൽ ഇറക്കി നീ സൗഖ്യം നൽകേണമേ." (അബൂദാവൂദും മറ്റും ഉദ്ധരിച്ച ഹസനായ ഹദീഥ്).

നബി (സ) പറഞ്ഞു:

أَلاَ تَأْمَنُونِي وَأَنَا أَمِينُ مَنْ فِي السَّمَاءِ

"ഞാൻ ആകാശത്തുള്ളവന്റെ (അടുക്കൽ) വിശ്വാസ്തനായിരിക്കെ നിങ്ങൾ എന്നിൽ വിശ്വാസം സമർപ്പിക്കുന്നില്ലയോ?" (സ്വഹീഹായ ഹദീഥ്)

നബി (സ) പറഞ്ഞു:

وَالْعَرْشُ فَوْقَ الْمَاءِ، وَاللهُ فَوْقَ الْعَرْشِ، وَهُوَ يَعْلَمُ مَا أَنْتُمْ عَلَيْهِ

"സിംഹാസനം ജലത്തിനുപരിയിലാണ്. അല്ലാഹു സിംഹാസനത്തിന് മുകളിലും. നിങ്ങൾ എന്തൊന്നിലാണോ അതവൻ അറിയുന്നു." (അബൂദാവൂദും മറ്റും ഉദ്ധരിച്ച ഹസനായ ഹദീഥ്)

അടിമ സ്ത്രീയോട് അദ്ദേഹം(നബി) (സ) ചോദിച്ച വാക്കുകൾ.

أَيْنَ اللهُ؟ قَالَتْ: فِي السَّمَاءِ. قَالَ: مَنْ أَنَا؟ قَالَتْ: أَنْتَ رَسُولُ اللهِ. قَالَ: أَعْتِقْهَا فَإِنَّهَا مُؤْمِنَةٌ

"അല്ലാഹു എവിടെയാണ്? അവൾ പറഞ്ഞു: ആകാശത്ത്. അദ്ദേഹം ചോദിച്ചു. ഞാൻ ആരാണ്? അവൾ പറഞ്ഞു: താങ്കൾ അല്ലാഹുവിന്റെ ദൂതരാണ്. അദ്ദേഹം (സ) അരുളി: അവളെ നീ മോചിപ്പിക്കുക, തീർച്ചയായും അവൾ വിശ്വാസിനിയാണ്." (മുസ്ലിം ഉദ്ധരിച്ചത്.)

**[മഇയ്യത്തിനുള്ള (അടുപ്പം) തെളിവുകൾ]**

നബി (സ) പറഞ്ഞു:

أَفْضَلُ الإِيمَانِ أَنْ تَعْلَمَ أَنَّ اللهَ مَعَكَ حَيْثُمَا كُنْتَ

"നീ എവിടെയായിരുന്നാലും തീർച്ചയായും അല്ലാഹു നിന്റെ കൂടെയുണ്ടെന്നറിയലാണ് വിശ്വാസത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ(പദവി)." (ഹസനായ ഹദീഥ്)

നബി (സ) പറഞ്ഞു:

إِذَا قَامَ أَحَدُكُمْ إِلَى الصَّلاَةِ؛ فَلاَ يَبْصُقَنَّ قِبَلَ وَجْهِهِ، وَلاَ عَنْ يَمِينِهِ؛ فَإِنَّ اللهَ قِبَلَ وَجْهِهِ، وَلَكِنْ عَنْ يَسَارِهِ، أَوْ تَحْتَ قَدَمِهِ

"നിങ്ങളിലാരെങ്കിലും നമസ്ക്കരിക്കാൻ നിന്നാൽ തന്റെ മുന്നിലൊ വലതുവശത്തോ തുപ്പരുത്; അല്ലാഹു അവന്റെ മുൻവശത്തുണ്ട്. എന്നാൽ അവൻ ഇടതു വശത്തെ കാൽകീഴിൽ തുപ്പികൊള്ളട്ടെ." (മുത്തഫഖുൻ അലൈഹി)

നബി (സ) പറഞ്ഞു:

اللهُمَّ رَبَّ السَّمَوَاتِ السَّبْعِ وَالأَرْضِ وَرَبَّ الْعَرْشِ الْعَظِيمِ، رَبَّنَا وَرَبَّ كُلِّ شَيْءٍ، فَالِقَ الْحَبِّ وَالنَّوَى، مُنْزِلَ التَّوْرَاةِ وَالإِنْجِيلِ وَالْقُرْآنَ، أَعُوذُ بِكَ مِنْ شَرِّ نَفْسِي وَمِنْ شَرِّ كُلِّ دَابَّةٍ أَنْتَ آخِذٌ بِنَاصِيَتِهَا، أَنْتَ الأَوَّلُ فَلَيْسَ قَبْلَكَ شَيْءٌ، وَأَنْتَ الآخِرُ فَلَيْسَ بَعْدَكَ شَيْءٌ، وَأَنْتَ الظَّاهِرُ فَلَيْسَ

فَوْقَكَ شَيْءٌ، وَأَنْتَ الْبَاطِنُ فَلَيْسَ دُونَكَ شَيْءٌ؛ اقْضِ عَنِّي الدَّيْنَ وَأَغْنِنِي مِنَ الْفَقْرِ

"ഏഴാകാശങ്ങളുടേയും ഭൂമിയുടെയും രക്ഷിതാവായ അല്ലാഹുവേ, മഹത്തായ സിംഹാസനത്തിന്റെ രക്ഷിതാവായ, ഞങ്ങളുടേയും സർവ്വവസ്തുക്കളുടേയും നാഥാ, ധാന്യങ്ങളെയും വിത്തുകളേയും മുളപ്പിക്കുകയും തൗറാത്തും ഇഞ്ചീലും, ഖുർആനും അവതരിപ്പിക്കുകയും ചെയ്തവനേ, എന്റെ സ്വന്തത്തിന്റെയും എല്ലാ ജന്തുക്കളുടേയും ഉപദ്രവത്തിൽ നിന്നും നിന്നോട് ഞാൻ ശരണം തേടുന്നു, നീയാണ് അവരുടെ കൊടുമപിടിക്കുന്നവൻ, നീയാണ് ആദിമൻ നിനക്കു മുമ്പായി ഒന്നുമില്ല. നീയാണ് അന്തിമൻ നിനക്ക് ശേഷക്കാരനായി ആരുമില്ല, നീയാണ് പ്രത്യക്ഷമായവൻ; നിനക്ക് മുകളിലായി ഒന്നുമില്ല, നീയാണ് പരോക്ഷമായവൻ; നിനക്കു താഴെ ഒന്നുമില്ല, എന്നിൽ നിന്ന് കടം നീ വീട്ടിത്തരികയും ദാരിദ്രത്തിൽ നിന്നും എന്നെ ധന്യനാക്കുകയും ചെയ്യേണമേ." (മുസ്‌ലിം ഉദ്ധരിച്ചത്)

സ്വഹാബാക്കൾ ദിക്റുകൾ ഉച്ചത്തിൽ ചൊല്ലിയപ്പോൾ അദ്ദേഹം (സ) പറഞ്ഞു:

أَيُّهَا النَّاسُ! أَرْبِعُوا عَلَى أَنْفُسِكُمْ؛ فَإِنَّكُمْ لاَ تَدْعُونَ أَصَمَّ وَلاَ غَائِبًا، إِنَّمَا تَدْعُونَ سَمِيعًا بَصِيرًا قَرِيبًا. إِنَّ الَّذِي تَدْعُونَهُ أَقْرَبُ إِلَى أَحَدِكُمْ مِنْ عُنُقِ رَاحِلَتِهِ

"ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ മേൽ മിതത്വം പാലിക്കുക, നിശ്ചയം നിങ്ങൾ ബധിരനെയോ സ്ഥലത്തില്ലാത്തവനേയൊ അല്ല വിളിക്കുന്നത്. എല്ലാം കേൾക്കുകയും കാണുകയും സമീപസ്ഥനുമായവനെയാണ് നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നത്. നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവൻ (അല്ലാഹു) നിങ്ങളുടെ ഒട്ടകത്തിന്റെ കഴുത്തിനേക്കാൾ നിങ്ങളോടടുത്തവനാണ്, തീർച്ച." (മുതഫകുൻ അലൈഹി)

**[അല്ലാഹുവെ പരലോകത്ത് കാണും എന്നതിന് തെളിവ്]**

നബി (സ) പറഞ്ഞു:

إِنَّكُمْ سَتَرَوْنَ رَبَّكُمْ كَمَا تَرَوْنَ الْقَمَرَ لَيْلَةَ الْبَدْرِ، لاَ تُضَامُونَ فِي رُؤْيَتِهِ، فَإِنِ اسْتَطَعْتُمْ أَن لاَّ تُغْلَبُوا عَلَى صَلاةٍ قَبْلَ طُلُوعِ الشَّمْسِ وَصَلاةٍ قَبْلَ غُرُوبِهَا؛ فَافْعَلُوا

"തീർച്ചയായും നിങ്ങൾ നിങ്ങളുടെ നാഥനെ കാണുക തന്നെ ചെയ്യും; പൂർണ്ണചന്ദ്രനെ കാണുന്നതു പോലെ (വ്യക്തമായി). ആ കാഴ്ചയിൽ ഒരു ഭംഗവുമില്ലാത്ത വിധത്തിൽ (കാണുന്നതാണ്)." ( മുതഫഖുൻ അലൈഹി).

ഇത്തരത്തിലുള്ള ഹദീഥുകളിൽ റസൂൽ (സ) തന്റെ രക്ഷിതാവിനെ സംബന്ധിച്ച് അറിയച്ച കാര്യങ്ങളിൽ 'ഫിർകത്തുന്നാജിയ' അഥവാ അഹ്ലുസ്സുന്നത്തിവൽ ജമാഅ: വിശ്വസിക്കുന്നു. അല്ലാഹു ക്വുർആനിൽ (അവനെ സംബന്ധിച്ച് പറഞ്ഞവ) ദുർവ്യാഖ്യാനമോ നിഷേധമോ ഉപമിക്കലോ രൂപം പറയലോ ഇല്ലാതെ അപ്പടി വിശ്വസിക്കുന്നത് പോലെ തന്നെ ഹദീഥുകളിലുള്ളതും വിശ്വസിക്കുന്നു. അവർ (അഹ്ലുസ്സുന്നഃ) ഈ സമുദായത്തിലെ വിവിധ വിഭാഗങ്ങളിൽ (ഏറ്റവും) മദ്ധ്യമ നിലപാടുകരാണ്; എല്ലാ സമുദായങ്ങളിൽ നിന്നും മുസ്ലിം സമുദായം മദ്ധ്യമ നിലപാടുകരായതു പോലെ. അല്ലാഹുവിന്റെ നാമവിശേഷണങ്ങളെ നിഷേധിക്കുന്നവരായ 'ജഹ്മി'കൾക്കും അല്ലാഹുവെ സൃഷ്ടികളോട് സാമ്യപ്പെടുത്തുകയും ഉപമിക്കുകയും ചെയ്യുന്നവർക്കുമിടയിൽ - അല്ലാഹുവിന്റെ വിശേഷണങ്ങളെ സംബന്ധിച്ച ചർച്ചയിൽ- അവർ (അഹ്ലുസ്സുന്ന:) മദ്ധ്യമ നിലപാടുകാരാണ്.

അല്ലാഹുവിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച ചർച്ചയിൽ (വിധി വിശ്വാസത്തെ നിഷേധിക്കുന്ന ) 'ക്വദരി'യാക്കൾക്കും (മനുഷ്യന്റെ തിരഞ്ഞെടുപ്പ് സ്വാതന്ത്രത്തെ നിഷേധിക്കുമാറ് വിധി വിശ്വാസത്തിൽ അതിരു കവിഞ്ഞ) 'ജബരി'യാക്കൾക്കുമിടയിലാണ് അവരുടെ നിലപാട്.

അല്ലാഹുവിന്റെ താക്കീതുകളെ സംബന്ധിച്ച ചർച്ചകളിൽ (വിശ്വാസമുണ്ടെങ്കിൽ പ്രവർത്തനങ്ങൾ വിശ്വാസത്തിന്റെ ഭാഗമല്ലയെന്നുവാദിക്കുന്നു ) 'മുർജിഅ:', 'വഈദിയ്യ' വിഭാഗങ്ങൾക്കും (പാപം ചെയ്തവർ വിശ്വാസികളാകില്ല എന്ന അതിരുകവിഞ്ഞ വീക്ഷണഗതിക്കാരായ) 'ഖദരിയ്യാ'ക്കൾക്കും മറ്റും ഇടയിൽ മദ്ധ്യമ നിലപാടുകാരാണവർ.

വിശ്വാസകാര്യങ്ങളിലും മതകാര്യങ്ങളിലും (വൻ പാപം ചെയ്തവർ വിശ്വാസകളാകില്ല, അവർ നരകത്തിൽ നിത്യവാസികളാണ് എന്നു വാദിക്കുന്ന) 'ഹറൂറിയ്യ' ( ഖവാരിജ് ) 'മുഅ്തസില' കക്ഷികൾക്കും (വിശ്വാസത്തോടൊപ്പമുള്ള ഏതു പാപവും ദോഷം ചെയ്യില്ല, വൻപാപി പരിപൂർണ്ണമായ വിശാവസത്തിനുടമയാണെന്നും വാദിക്കുന്ന)'മുർജിഅ:', 'ജഹ്മിയ്യ' കക്ഷികൾക്ക് മദ്ധ്യേ മിതവാദികളാണവർ.

റസൂൽ (സ) യുടെ അനുചരന്മാരുടെ (സ്വഹാബാക്കൾ) കാര്യത്തിൽ - (സ്വഹാബക്കളിൽ ഭൂരിഭാഗത്തേയും ശപിക്കുകയും, സത്യനിഷേധം ആരോപിക്കുകയും, നബികുടുംബത്തെ അമിതമായി മഹത്വപ്പെടുത്തുകയും, ദിവ്യത്വം കൽപ്പിക്കുകയും ചെയ്യുന്ന) 'റാഫിളി' കൾക്കും (ശിയാക്കൾ) (കക്ഷിവ്യത്യാസമില്ലാതെ സ്വഹാബാക്കളിലെ മിക്കവരിലും സത്യ നിഷേധം ആരോപിക്കുകയും അവരുടെ രക്തം ചീന്തൽ അനുവദനീയമാക്കുകയും ചെയ്ത) 'ഖവാരിജു'കൾക്കും ഇടയിൽ മദ്ധ്യമ വീക്ഷണഗതിക്കാരാണ് അവർ (അഹ്ലുസ്സുന്നു:)

## മൂന്ന്

നാം മുമ്പ് സൂചിപ്പിച്ച- അല്ലാഹുവിലുള്ള വിശ്വാസത്തിൽപ്പെട്ടതാണ് അല്ലാഹു അവന്റെ ഗ്രന്ഥത്തിലും, റസൂൽ (സ) യിൽ നിന്നും മുതവാത്തിറായ നിലക്ക് വന്ന ഹദീഥുകളിൽ പ്രസ്ഥാവിക്കപ്പെട്ടതും, സമുദായത്തിലെ സച്ചരിതരായ പൂർവ്വസൂരികൾ ഐക്യകണ്ഠേന യോജിച്ചതുമായ - (താഴെ പറയുന്ന) കാര്യങ്ങളിൽ വിശ്വസിക്കൽ.

അല്ലാഹു ഏഴ് ആകാശങ്ങൾക്കും ഉപരിയിൽ സകല സൃഷ്ടികളിൽ നിന്നും വിദൂരമായ തന്റെ സിംഹാനത്തിലാണ്. അതോടൊപ്പം അവരെവിടെയായിരുന്നാലും അവർ (സൃഷ്ടികൾ) പ്രവർത്തിക്കുന്നവ അറിയുന്നവനായ നിലക്ക് അവൻ അവരോടൊപ്പമുണ്ട്. ഇതു രണ്ടും പരസ്പരം യോജിപ്പിച്ചുകൊണ്ടാണ് അല്ലാഹു പറഞ്ഞത്:

﴿هُوَ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۚ يَعْلَمُ مَا يَلِجُ فِى ٱلْأَرْضِ وَمَا يَخْرُجُ مِنْهَا وَمَا يَنزِلُ مِنَ ٱلسَّمَآءِ وَمَا يَعْرُجُ فِيهَا ۖ وَهُوَ مَعَكُمْ أَيْنَ مَا كُنتُمْ ۚ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿٤﴾﴾

"ആകാശങ്ങളും ഭൂമിയും ആറുദിവസങ്ങളിലായി സൃഷ്ടിച്ചവനാണ് അവൻ, പിന്നീട് അവൻ സിംഹാസനസ്ഥനായി ഭൂമിയിൽ പ്രവേശിക്കുന്നതും അതിൽ നിന്നു പുറത്തു വരുന്നതും, ആകാശത്ത് നിന്നു ഇറങ്ങുന്നതും അതിലേക്ക് കയറിച്ചെല്ലുന്നതും അവൻ അറിഞ്ഞു

കൊണ്ടിരിക്കുന്നു. നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ട് താനും, അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു." (ഹദീദ് : 4)

അവൻ നിങ്ങളോടൊപ്പമുണ്ട് എന്നതുകൊണ്ട് അവൻ സൃഷ്ടികളോട് ഇടകലർന്നവനായി നിലകൊള്ളുന്നു എന്നല്ല അർത്ഥം, ഭാഷാപരമായി അങ്ങനെ ഒരു അർത്ഥം നൽകൽ അനിവാര്യമാകുന്നില്ല തന്നെ. ചന്ദ്രൻ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ട ഒരു ദൃഷ്ടാന്തവും അവന്റെ സൃഷ്ടികളിലെ ഏറ്റവും ചെറിയവയിൽപ്പെട്ടതുമാണ്. ആകാശത്താണ് അതിന്റെ സ്ഥാനമെങ്കിലും, യാത്രക്കാരനും യാത്രക്കാരനല്ലാത്തവനും അവനെവിടെയാണെങ്കിലും അതും അവരോടൊപ്പമുണ്ടാകും!

പരിശുദ്ധനായ അല്ലാഹു അവന്റെ സിംഹാസനത്തിന് മുകളിലാണ്, സൃഷ്ടികളെ നിരീക്ഷിക്കുന്നവനും, മേൽനോട്ടം വഹിക്കുന്നവനും, സദാസമയവും എത്തിനോക്കുന്നവനും തുടങ്ങി റുബൂബിയ്യത്തിന്റെ (രക്ഷാകർതൃത്വത്തിന്റെ) എല്ലാ ആശയവുമടങ്ങിയവനാണ്. അല്ലാഹു സിംഹാസനത്തിനുമുകളിലാണ്. അവൻ നമ്മോടൊപ്പമുണ്ട് എന്നിങ്ങനെയുള്ള അല്ലാഹു സൂചിപ്പിച്ചതായ രണ്ടും അതിന്റെ യാതാർത്ഥ്യത്തിൽ തന്നെ, ദുർവ്യാഖ്യാനിക്കേണ്ട കാര്യമില്ലാത്ത വസ്തുതയാണ്. എന്നാൽ അവയെ മിഥ്യാധാരണകളിൽ നിന്നും സംരക്ഷിക്കണമെന്നുമാത്രം. ഉദാഹരണത്തിന് 'ആകാശത്തുള്ളവൻ' എന്നതിന്റെ പ്രത്യക്ഷാർത്ഥം അല്ലാഹുവെ ആകാശം വലയം ചെയ്യുന്നു, ഒതുക്കുന്നു എന്നൊക്കെയാണെന്ന് (കരുതുക). പണ്ഡിതന്മാരുടെയും വിശ്വാസിവൃന്ദത്തിനുമടുക്കൽ ഇത് ഐക്യകണ്ഠേന വസ്തുതാ വിരുദ്ധമാണ്. എന്നാൽ അല്ലാഹുവിന്റെ 'കുർസിയ്യ്' (കൽപാദങ്ങൾ വെക്കുന്നിടം) തന്നെ ആകാശഭൂമികളോളം വിശാലമാണ്, നീങ്ങിപോകാതിരിക്കുവോളം ആകാശഭൂമികളെ അവൻ പിടിച്ചു നിർത്തുന്നു. അല്ലാഹുവിന്റെ അനുമതികൂടാതെ ആകാശഭൂമികൾ തകരാറിലാകുന്നതിൽ നിന്നും അവൻ ആകാശത്തെ പിടിച്ചുനിർത്തുന്നു. ആകാശഭൂമികൾ അവന്റെ കൽപ്പനാപ്രകാരം നിലനിൽക്കുന്നുവെന്നത് അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടവയാണ്.

# നാല്

അല്ലാഹു സമീപസ്ഥനും ഉത്തരം ചെയ്യുന്നവനുമാണെന്ന വിശ്വാസവും ( നാം ചർച്ച ചെയ്തുവരുന്ന ) വിശ്വാസത്തിൽ ഉൾപ്പെടുന്നു. ആ രണ്ടു വിശേഷണങ്ങളും യോജിപ്പിച്ചുകൊണ്ട് അല്ലാഹു സംസാരിച്ചിട്ടുണ്ട്:

﴿وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ ۖ أُجِيبُ دَعْوَةَ ٱلدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا۟ لِى وَلْيُؤْمِنُوا۟ بِى لَعَلَّهُمْ يَرْشُدُونَ ﴿١٨٦﴾﴾

"എന്റെ അടിമ എന്നെ പറ്റി താങ്കളോട് ചോദിച്ചാൽ പറയുക: നിശ്ചയം ഞാൻ സമീപസ്ഥനാണ്. പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്." (ബഖറ: 186)

പ്രവാചകൻ (സ) പറഞ്ഞു:

إِنَّ الَّذِي تَدْعُونَهُ أَقْرَبُ إِلَى أَحَدِكُم مِّن عُنُقِ رَاحِلَتِهِ

"നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവനായ (അല്ലാഹു) നിങ്ങളുടെ ഒട്ടകത്തിന്റെ കഴുത്തിനേക്കാൾ നിങ്ങളോട് അടുത്തവനാണ്." ഖുർആനിലും സുന്നത്തിലും അല്ലാഹുവിന്റെ സാമിപ്യത്തെയും കൂടെയുള്ള അവസ്ഥയെയും സംബന്ധിച്ചു വന്ന പ്രസ്ഥാവനകൾ, അല്ലാഹു

വിന്റെ ഔന്നിത്യത്തെയും ഉർച്ചയെയും പറ്റി വന്ന വിവരണത്തോട് എതിരാകുന്നില്ല.( ഉദ:- 'ആകാശത്തുള്ളവൻ' എന്നതും അവൻ നിങ്ങളോടൊപ്പമുണ്ട് എന്ന പ്രയോഗവും തമ്മിൽ വൈരുദ്ധ്യമില്ല -പ്രസാ: ). അല്ലാഹു അവന്റെ ഏതൊരു വിശേഷണത്തിലും തുല്ല്യമായി മറ്റൊന്നുമില്ലാത്തവനാണ്, അവൻ അവന്റെ അടുപ്പത്തോടൊപ്പം തന്നെ ഉന്നതനും, ഔന്നിത്യത്തോടൊപ്പം തന്നെ സമീപസ്ഥനുമാണ്. അല്ലാഹുവിലുള്ള വിശ്വാസത്തിലും അവന്റെ ഗ്രന്ഥങ്ങളിലുള്ള വിശ്വാസത്തിലും പെട്ടതാണ്; ഖുർആൻ അല്ലാഹുവിന്റെ (അവതീർണ്ണമായ) വചനം അല്ലെങ്കിൽ സംസാരമാണ്. സൃഷ്ടിയല്ല എന്നത്. അത് (സംസാരം) വചനം അവനിൽ നിന്നുൽഭവിച്ച് അവനിലേക്ക് തന്നെ മടങ്ങും. അല്ലാഹു യഥാർഥത്തിൽ തന്നെ സംസാരിച്ചിരിക്കുന്നു. മുഹമ്മദ് നബി(സ) ക്കുമേൽ അവതരിപ്പിച്ച ഖുർആൻ ശരിയായും അവന്റെ (അല്ലാഹുവിന്റെ) സംസാരമാണ്, മറ്റാരുടെയുമല്ല. അല്ലാഹുവിന്റെ സംസാരത്തിന്റെ ആവിഷ്ക്കരണം, ഉദ്ധരണി എന്നൊന്നും അതിനെ പറ്റി പറയാവതല്ല. ജനങ്ങൾ അത് ഓതുകയോ 'മുസ്ഹഫി'ൽ എഴുതുകയോ ചെയ്തു എന്നതിനാൽ അത് (ഖുർആൻ) അല്ലാഹുവിന്റെ സംസാരം അല്ലെങ്കിൽ വചനം ആകാതിരിക്കുന്നില്ല. കാരണം സംസാരം അല്ലെങ്കിൽ വചനം വസ്തുതാപരമായി അതു തുടക്കത്തിൽ പറഞ്ഞവനിലേക്കാണ് ചേർക്കപ്പെടുക; ആ വചനം എത്തിക്കുകയോ ഉദ്ധരിക്കുകയോ ചെയ്തവനിലേക്കല്ല. അത് അല്ലാഹുവിന്റെ വചനങ്ങളാണ്; അതിന്റെ അക്ഷരങ്ങളും ആശയങ്ങളും അടക്കം; അക്ഷരങ്ങൾ ഒഴിവാക്കി ആശയത്തെയോ, ആശയങ്ങളെ ഒഴിവാക്കി അക്ഷരങ്ങളെയോ മാത്രം അവനിലേക്ക് ചേർത്തുകൊണ്ട് പറയാവതല്ല.

അല്ലാഹുവിലും, അവന്റെ ഗ്രന്ഥങ്ങളിലും, മലക്കുകളിലും, ദൂതന്മാരിലുമുള്ള വിശ്വാസത്തിൽ പ്രവേശിക്കുന്നതാണ്, വിശ്വാസികൾ അല്ലാഹുവിനെ- പരലോകത്ത്- കണ്ണുകൾ കൊണ്ട് നേരിട്ട് കാണും എന്ന വിശ്വാസം; മേഘങ്ങളുടെ തടസ്സമില്ലതെ തെളിഞ്ഞ ആകാശത്ത് സൂര്യനെ കാണുന്നതു പോലെയൊ പൂർണ്ണചന്ദ്രരാത്രിയിൽ ചന്ദ്രനെ കാണുന്നതു പോലെയോ തടസ്സങ്ങളില്ലാതെ കാണുന്നതാണ്. പരലോകത്ത് (വിചാരണയുടെ) വെളിപ്രദേശത്തുവെച്ചും ശേഷം സ്വർഗത്തിൽ പ്രവേശിച്ചു കഴിഞ്ഞും അല്ലാഹു ഉദ്ദേശിക്കും പ്രകാരം( അവനെ) കാണുന്നതാണ്.

# അഞ്ച്

അന്ത്യദിനത്തെ സംബന്ധിച്ച വിശ്വാസത്തിൽപ്പെട്ടതാണ് മരണാനന്തര സംഭവവികാസങ്ങളെ പറ്റി നബി (സ) അറിയിച്ചുതന്നവയിലെല്ലാം വിശ്വാസിക്കുക എന്നത്. അപ്പോൾ ഖബറിലെ 'ഫിത്ന' (പരീക്ഷണം, ചോദ്യോത്തരം), 'അദാബ്' (ശിക്ഷ), 'നഈം' (സുഖ-സൗകര്യങ്ങൾ) എന്നിവയിൽ വിശ്വസിക്കണം. 'ഫിത്ന' എന്നതു കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്, മനുഷ്യർ ക്വബറിൽ പരീക്ഷണത്തിന് വിധേയമാകുമെന്നതാണ്. 'ആരാണ് നിന്റെ രക്ഷിതാവ്? ഏതാണ് നിന്റെ മതം? ആരാണ് നിന്റെ പ്രവാചകൻ?' എന്നെല്ലാം ഒരാളോട് ചോദിക്കപ്പെടും. അപ്പോൾ വിശ്വസിച്ചവരെ 'ദൃഢമായ വചനം' കൊണ്ട് ഇഹത്തിലും പരത്തിലും അല്ലാഹു ഉറപ്പിച്ചു നിർത്തും; വിശ്വാസി പറയും; 'എന്റെ രക്ഷിതാവ് അല്ലാഹുവും ഇസ്‌ലാം എന്റെ മതവും മുഹമ്മദ് എന്റെ നബിയുമാണ്.' എന്നാൽ സംശയാലു പറയും : 'ഹാ..... ഹാ..... എനിക്കറിയില്ല. ജനങ്ങളെന്തോ പറയുന്നതു കേട്ടപ്പോൾ ഞാനുമത് ഏറ്റുപാടി.' അപ്പോൾ ഒരു ഇരുമ്പുദണ്ഡുകൊണ്ട് അവൻ അടിക്കപ്പെടും, അവൻ അട്ടഹസിച്ചു കരയും മനുഷ്യരല്ലാത്ത എല്ലാം അതു കേൾക്കും മനുഷ്യരതു കേട്ടിരുന്നെങ്കിൽ ബോധമറ്റു വീണേനെ. (ചില ഹദീഥുകളിൽ നിന്ന് ജിന്നുകളും അത് കേൾക്കില്ല എന്നു മനസ്സിലാക്കാം – പ്രസാ:). 'ഫിത്ന'ക്കുശേഷം ഒന്നുങ്കിൽ 'അദാബ്' (ശിക്ഷ) അല്ലെങ്കിൽ 'നഈം' (സൗഖ്യം) മഹാഉയിർത്തെഴുന്നേൽപ്പിന്റെ നാളുവരെ അതു തുടരും. അന്ത്യദിനം സംഭവിക്കുന്നതോടെ ആത്മാക്കൾ ജഡങ്ങളിലേക്ക് മടക്കപ്പെടും.

കുർആനിലൂടെയും റസൂൽ (സ) യുടെ നാവിലൂടെയും അറിയിച്ച പ്രകാരം, മുസ്‌ലീംകൾ ഐക്യകണ്ഠേന വിശ്വസിക്കുന്നതു പോലെ അന്ത്യദിനം സംഭവിക്കും. അപ്പോൾ മനുഷ്യൻ തങ്ങളുടെ കബറുകളിൽ നിന്നും വിവസ്ത്രരും നഗ്നപാതരും, ചേലാകർമ്മം ചെയ്യാത്തവരുമായി ലോകരക്ഷിതാവിങ്കലേക്ക് എഴുന്നേറ്റ് ചെല്ലും. ( മഹ്ശറയിൽ ) സൂര്യൻ അടുത്തുവരും. വിയർപ്പ് അവരെ വലയം ചെയ്യും. 'മിസാൻ' (തുലാസ്) നാട്ടപ്പെടുകയും അടിയാറുകളുടെകർമ്മങ്ങൾ തൂക്കിക്കണക്കാക്കുകയും ചെയ്യും.

﴿فَمَن ثَقُلَتْ مَوَٰزِينُهُۥ فَأُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿١٠٢﴾ وَمَنْ خَفَّتْ مَوَٰزِينُهُۥ فَأُو۟لَـٰٓئِكَ ٱلَّذِينَ خَسِرُوٓا۟ أَنفُسَهُمْ فِى جَهَنَّمَ خَـٰلِدُونَ ﴿١٠٣﴾﴾

"അപ്പോൾ ആരുടെ തുലാസുകൾ ഘനം തൂങ്ങുന്നുവോ അവരാകുന്നു വിജയികൾ. ആരുടെ തുലാസ്സുകൾ ഘനം കുറയുന്നുവോ അവരാണ് ആത്മനഷ്ടം പറ്റിയവർ, നരകത്തിൽ നിത്യവാസികൾ." (മുഅ്മിനൂൻ: 102, 103). രേഖകൾ നിരത്തപ്പെടും. കർമ്മങ്ങൾ രേഖപ്പെടുത്തിയ ഏടുകളാണവ- അപ്പോൾ വലതു കൈകൊണ്ട് തന്റെ ഗ്രന്ഥം വാങ്ങുന്നവരും ഇടതുകൈയ്യിലൂടെയോ പിന്നിലൂടെയോ ഗ്രന്ഥം വാങ്ങുന്നവരും ഉണ്ടാകും. അല്ലാഹു പറഞ്ഞതു പോലെ:

﴿وَكُلَّ إِنسَـٰنٍ أَلْزَمْنَـٰهُ طَـٰٓئِرَهُۥ فِى عُنُقِهِۦ ۖ وَنُخْرِجُ لَهُۥ يَوْمَ ٱلْقِيَـٰمَةِ كِتَـٰبًا يَلْقَىٰهُ مَنشُورًا ﴿١٣﴾ ٱقْرَأْ كِتَـٰبَكَ كَفَىٰ بِنَفْسِكَ ٱلْيَوْمَ عَلَيْكَ حَسِيبًا ﴿١٤﴾﴾

"ഓരോ മനുഷ്യന്നും അവന്റെ 'ശകുനം' അവന്റെ കഴുത്തിൽ തന്നെ നാം ബന്ധിച്ചരിക്കുന്നു. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഒരു ഗ്രന്ഥം നാമവന്ന് വേണ്ടി പുറത്തെടുക്കുന്നതാണ്. അത് നിവർത്തിവെക്കപ്പെട്ടതായി അവൻ കണ്ടെത്തും. നീ നിന്റെ ഗ്രന്ഥം വായിച്ചു നോക്കുക. നിന്നെസ്സംബന്ധിച്ചേടത്തോളം കണക്ക് നോക്കാൻ ഇന്ന് നീ തന്നെ മതി (എന്ന് അവനോട് അന്ന് പറയപ്പെടും)." (ഇസ്റാഅ്: 13,14)

സൃഷ്ടികളെ അല്ലാഹു വിചാരണചെയ്യും. ഓരോ വിശ്വാസിയായ അടിമയെയും തനിച്ചുനിർത്തി അവന്റെ പാപങ്ങൾ അവനെകൊണ്ട് അംഗീകരിപ്പിക്കും; ക്വുർആനിലും സുന്നത്തിലും വന്നതു പോലെ. എന്നാൽ അവിശ്വാസികളുടെ നന്മകളും തിന്മകളും തൂക്കി നോക്കപ്പെടില്ല. കാരണം അവർക്ക് യാതൊരു നന്മകളും ഇല്ല. എന്നാൽ അവരുടെ പ്രവർത്തനങ്ങൾ കണക്കാക്കുകയും തിട്ടപ്പെടുത്തുകയും ചെയ്യും. അതിന്മേൽ അവരെ നിർത്തുകയും അംഗീകരിപ്പിക്കുകയും ചെയ്യും.

വിചാരണമുറ്റത്ത് നബി (സ) വെള്ളം കുടിപ്പിക്കുന്ന 'ഹൗള്' ഉണ്ടായിരിക്കും. അതിലെ പാനീയം പാലിനേക്കാൾ വെൺമയുള്ളതും തേനിനേക്കാൾ മധുരമേറിയതുമാണ്. (അതിൽ നിന്നും കോരികുടിക്കാനുള്ള) പാത്രങ്ങൾ ആകാശത്തിലെ നക്ഷത്രങ്ങളുടെ എണ്ണത്തോളമുണ്ടാകും. ആ 'ഹൗളി'ന്റെ നീളവും വീതിയും ഒരുമാസ വഴി ദൂരമുണ്ടാകും. അതിൽ നിന്നും ഒരു (കോരൽ) കുടിക്കുന്നവന് പിന്നീടൊരിക്കലും ദാഹിക്കുകയില്ല.

നരകത്തിനു മുകളിൽ 'സ്വിറാത്ത്' ഉയർത്തിവെക്കപ്പെടും. നരകത്തിനും സ്വർഗത്തിനുമിടയിലുള്ള പാലാമാണത്. ഓരോരുത്തരും അവരുടെ കർമ്മാനുസൃതം അതിലൂടെ കടന്നു പോകും. കണ്ണിമ വെട്ടുന്ന വേഗത്തിൽ, ഇടിമിന്നലിന്റെ വേഗത്തിൽ, കാറ്റിന്റെ വേഗത്തിൽ, യുദ്ധകുതിരയുടെ വേഗത്തിൽ, ഒട്ടക സവാരിയുടെ വേഗത്തിൽ, ഒരു എടുത്തുചാട്ടത്തിന്റെ വേഗത്തിലെല്ലാം അതിലൂടെ കടന്നു പോകുന്നവർ ജനത്തിലുണ്ടാകും. ഒരു നടത്തമോ, പാച്ചിലോ, റാഞ്ചലോ നടത്തി നരകത്തിൽ വീഴുന്നവരുമുണ്ടാകും. 'സ്വിറാത്തി'നുമുകളിൽ കൊളുത്തുകളുമുണ്ടാകും. ജനങ്ങളെ അവരുടെ കർമ്മങ്ങൾക്കനുസൃതമായി അത് റാഞ്ചും, 'സ്വിറാത്തി'ലൂടെ കടന്നുപോയവർ സ്വർഗത്തിൽ പ്രവേശിക്കും. 'സ്വിറാത്തി'ലൂടെ കടന്നവർ സ്വർഗത്തിനും നരകത്തിനുമിടയിലുള്ള 'ഖൻത്വറ:' യെന്ന പാലത്തിന്മേൽ നിൽക്കും. അവിടെ വെച്ച് പരസ്പരം പ്രതിക്രിയ നടത്തപ്പെട്ടതിന് ശേഷം ശുദ്ധത കൈവരിക്കുകയും സംസ്ക്കരിക്കപ്പെടുകയും ചെയ്തു കഴിഞ്ഞ് സ്വർഗ പ്രവേശനത്തിന് അനുവാദം നൽകപ്പെടും. സ്വർഗത്തിന്റെ വാതിൽ ആദ്യമായി തുറക്കുക മുഹമ്മദ് നബി (സ) ആയിരിക്കും. സ്വർഗത്തിലാദ്യമായി പ്രവേശിക്കുക അദ്ദേഹത്തിന്റെ സമുദായമായിരിക്കും.

പരലോകത്ത് അദ്ദേഹത്തിന് (നബിക്ക്)(സ) മൂന്ന് 'ശഫാഅത്ത്' (ശുപാർശ) ഉണ്ടായിരിക്കും. (മഹ്ശറാ വൻ സഭയിൽ) വർഷങ്ങളോളം നിന്നുകഴിഞ്ഞവർ തങ്ങളെ വിചാരണക്കായി എടുക്കാൻ ആദം, നൂഹ്, ഇബ്രഹിം, മൂസ, ഈസബ്നു മർയം തുടങ്ങിയ പ്രവാചകന്മാരോട് ശുപാർശക്കായി അപേക്ഷിക്കുകയും (അവരെല്ലാം കൈയ്യൊഴിഞ്ഞ്) അവസാനം മുഹമ്മദ് നബി (സ) യുടെ അടുക്കലെത്തുകയും (അദ്ദേഹത്തോട് ശുപാർശക്കുവേണ്ടി ആവശ്യപ്പെടുകയും) ചെയ്യുന്നവർക്കായി, അദ്ദേഹം നടത്തുന്നതാണ് ഒന്നാമത്തെ 'ശഫാഅത്ത്'.

രണ്ടാമത്തെ 'ശഫാഅത്ത്' സ്വർഗത്തിൽ പ്രവേശിക്കാനുള്ള (അനുവാദം ലഭിക്കാനായി) അദ്ദേഹം നടത്തുന്ന ശുപാർശയാണ്. ഈ രണ്ടു ശുപാർശകളും അദ്ദേഹത്തിന് മാത്രം അവകാശപ്പെട്ടവയാണ്.

മൂന്നാമത്തെ 'ശഫാഅത്താ'കട്ടെ നരകം അർഹരായിട്ടുള്ളവർക്കു വേണ്ടി അദ്ധേഹം(നബി) നടത്തുന്നതാണ്. ഈ 'ശഫാഅത്ത്' അദ്ദേഹത്തിനും കൂടാതെ സർവ്വപ്രവാചകന്മാർക്കും, സ്വിദ്ദീക്കുകൾക്കും മറ്റും ഉള്ളതാണ്. നരകം അർഹതപ്പെട്ടവരെ അതിൽ പ്രവേശിപ്പിക്കാതിരിക്കാനും, പ്രവേശിച്ചവരെ പുറത്തു കൊണ്ടുവരാനും അദ്ദേഹം 'ശഫാഅത്ത്' ചെയ്യും. ചിലസമൂഹങ്ങളെ 'ശഫാഅത്തി'ല്ലാതെ തന്നെ അല്ലാഹു തന്റെ കാരുണ്യവും ഔദാര്യവും കൊണ്ട് പുറത്തു കൊണ്ടുവരും. ഇഹലോകത്ത് വസിച്ചവരായ, സ്വർഗത്തിൽ പ്രവേശിച്ചവരെ കൂടാതെ അതിനായി ചില സമൂഹത്തെ അല്ലാഹു സൃഷ്ടിക്കുകയും (സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും).

വിചാരണ, പ്രതിഫലം, ശിക്ഷ, സ്വർഗ-നരകങ്ങൾ തുടങ്ങി പരലോകഗേഹത്തിൽ ഉൾപ്പെടുന്ന വിവിധ ഭാഗങ്ങളും അതിന്റെ വിശദീകരണങ്ങളുമെല്ലാം ആകാശലോകത്തു നിന്നും അവതീർണ്ണമായ വിശുദ്ധഗ്രന്ഥങ്ങളിലും പ്രവാചകന്മാരിൽ നിന്നും വിജ്ഞാനശേഷിപ്പുകളായി നമ്മളിലേക്കെത്തി ചേർന്നവയിലുമെല്ലാം പ്രസ്താവിക്കപ്പെട്ടവയാണ്. അതിൽ നിന്നും മുഹമ്മദ് നബി (സ)യിലൂടെ നമ്മുക്കു അനന്തരമായി ലഭിച്ച വിജ്ഞാനങ്ങൾ ശമനം നൽകുന്നവയും മതിയായതുമാണ്. അത് ആഗ്രഹിക്കുന്നവരാരോ അവരത് കണ്ടെത്തുന്നു.

'ഫിർഖത്തുന്നജിയ' അഥവാ അഹ്ലുസ്സുന്നഃ വിധിയിൽ - അതിന്റെ നന്മയിലും ദോഷത്തിലും- വിശ്വസിക്കുന്നു. വിധിവിശ്വാസം രണ്ടുഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണ്; ഓരോ ഭാഗവും രണ്ടുകാര്യങ്ങളെയും ഉൾക്കൊള്ളുന്നു.

**ഒന്ന്:** ഉന്നതനായ അല്ലാഹു തന്റെ സൃഷ്ടികളെ പറ്റി എല്ലാം അറിയുന്നവനായാണ്. ആദിമവും അനന്തവുമായ അവന്റെ ആദി വിജ്ഞാനത്തിൽ ഉൾപ്പെടാത്ത ഒരു പ്രവർത്തനവുമില്ല. സൃഷ്ടികളുടെ എല്ലാ അവസ്ഥാന്തരങ്ങളും- അനുസരണവും, ധിക്കാരവും, ഉപജീവനവും, ജീവിതകാലയളവും- അവൻ ആദ്യമേ അറിഞ്ഞുകഴിഞ്ഞിട്ടുണ്ട്. ശേഷം സൃഷ്ടികൾക്കുള്ള വിഹിതങ്ങൾ എല്ലാം അവന്റെ 'ലൗഹുൽ മഹ്ഫൂളി'ൽ (സംരക്ഷിത ഫലകം) എഴുതിവെച്ചു. ആദ്യമായി അവൻ സൃഷ്ടിച്ചത് പേനയെയാണ്, എന്നിട്ടതിനോട് എഴുതുക എന്ന് കൽപ്പിച്ചു. അത് ചോദിച്ചു: ഞാൻ എന്തെഴുതണം? അവൻ പറഞ്ഞു: അന്ത്യദിനം വരെ സംഭവിക്കാനിരിക്കുന്നവയെല്ലാം എഴുതുക. മനുഷ്യൻ നേടിയെടുക്കുന്ന ശരികൾ ഒരിക്കലും തെറ്റുകയില്ല, സംഭവിച്ച തെറ്റുകൾ ശരിയാവാനിടയുണ്ടാകുന്ന അവസ്ഥ സംഭവിക്കാനിടയില്ലാത്ത വിധം പേനകൾ ഉണങ്ങുകയും ഏടുകൾ ചുരുട്ടപ്പെടുകയും ചെയ്തിരിക്കുന്നു.

അല്ലാഹു പറഞ്ഞതുപോലെ:

﴿أَلَمْ تَعْلَمْ أَنَّ ٱللَّهَ يَعْلَمُ مَا فِى ٱلسَّمَآءِ وَٱلْأَرْضِ ۗ إِنَّ ذَٰلِكَ فِى كِتَٰبٍ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ﴿٧٠﴾﴾

"ആകാശത്തിലും ഭൂമിയിലുമുള്ളത് അല്ലാഹു അറിയുന്നുണ്ടെന്ന് നിനക്ക് അറിഞ്ഞു കൂടേ? നിശ്ചയം അത് ഒരു രേഖയിലുണ്ട്. തീർച്ചയായുമത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമത്രെ." (ഹജ്ജ്: 70)

﴿مَآ أَصَابَ مِن مُّصِيبَةٍ فِى ٱلْأَرْضِ وَلَا فِىٓ أَنفُسِكُمْ إِلَّا فِى كِتَٰبٍ مِّن قَبْلِ أَن نَّبْرَأَهَآ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ﴿٢٢﴾﴾

"ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായിട്ടില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപ്പെട്ടുകഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു." (ഹദീദ്: 21, 22)

അല്ലാഹുവിന്റെ അറിവിന്റെ തുടർച്ചയെന്നോണമുള്ള ഈ വിധി ഒരുപാടുസ്ഥലങ്ങളിൽ ചുരുക്കിയും വിശാലമായും ഉണ്ടാകും. 'ലൗഹുൽ മഹ്ഫൂളി'ൽ അവൻ ഉദ്ദേശിക്കുന്ന പ്രകാരം രേഖപ്പെടുത്തുകയും ചെയ്തു. ഗർഭസ്ഥശിശുവിന്റെ ശരീരം സൃഷ്ടിക്കുകയും എന്നിട്ട് - ആത്മാവിനെ ഊതുന്നിതന് മുമ്പായി - അല്ലാഹു ഒരു മലക്കിനെ നിയോഗിക്കുകയും നാല് വചനങ്ങൾകൊണ്ട് കൽപ്പിക്കുകയും ചെയ്യും. മലക്കിനോട് പറയപ്പെടും: അവന്റെ ഉപജീവനും, ജീവിതകാലയളവും, കർമ്മങ്ങളും, സൗഭാഗ്യവാനോ നിർഭാഗ്യവാനോ എന്നിങ്ങനെയുള്ള വിധിയും കണക്കാക്കലുകളും (രേഖപ്പെടുത്തുക). പണ്ട് 'ഖദരിയ്യാ'ക്കളിലെ അതിരുകവിഞ്ഞ വിഭാഗങ്ങൾ ഇത് നിഷേധിച്ചിട്ടുണ്ട്; ഇക്കാലഘട്ടത്തിലും ചിലർ നിഷേധിക്കുന്നുണ്ട്.

രണ്ട്: എല്ലാം നടപ്പാക്കുന്ന അല്ലാഹുന്റെ 'മശീഅത്ത്' (ഉദ്ദേശം), സമ്പൂർണ്ണമായ അവന്റെ കഴിവ് എന്നിവയാണ്. അല്ലാഹു ഉദ്ദേശിക്കച്ചത് നടക്കും അവൻ ഉദ്ദേശിക്കാത്തത് നടക്കില്ല. ആകാശ-ഭൂമികളിൽ നടക്കുന്ന ഏതൊരു ചലനവും അടക്കവും അവന്റെ ഉദ്ദേശത്തോടെയല്ലാതെ നടക്കുന്നില്ല. അവന്റെ അധികാരസ്ഥലത്ത് അവനുദ്ദേശിക്കാത്തത് നടക്കില്ല. സൃഷ്ടി സംഹാരങ്ങളിലെല്ലാം എല്ലാ കഴിവുകൾക്കും ഉടമയാണവൻ. ആകാശ-ഭൂമികളിലുള്ള ഏതൊരു സൃഷ്ടിജാലത്തിന്റെയും സൃഷ്ടാവ് അവനാണ്, അവനല്ലാത്ത സൃഷ്ടാവില്ല, അവനല്ലാത്ത ഒരു രക്ഷിതാവുമില്ല. അതോടൊപ്പം തന്നെ അവൻ തന്റെ അടിമകളോട് അവനെയും അവന്റ ദൂതന്മാരെയും അനുസരിക്കണമെന്ന് കൽപ്പിച്ചു, അനുസരണകേടിൽ നിന്നും അവരെ വിലക്കി. അവൻ സൂക്ഷ്മത പാലിക്കുന്നവരേയും സുകൃതവാന്മാരെയും, നീതിമാന്മാരെയും സ്നേഹിക്കുന്നു, വിശ്വസിക്കുകയും സൽകർമ്മങ്ങളനുഷ്ടിക്കുകയും ചെയ്യുന്നവരെ തൃപ്തിപ്പെടുകയും ചെയ്യുന്നു. അവിശ്വാസികളേയും ദുഷ്കർമ്മികളായ ജനവിഭാഗങ്ങളെയും അവൻ തൃപ്തിപ്പെടുകയില്ല. മ്ലേച്ഛകാര്യങ്ങളെ കൊണ്ട് കൽപ്പിക്കുകയോ തന്റെ അടിമകൾക്ക് സത്യനിഷേധം തൃപ്തിപ്പെടുകയോ കുഴപ്പങ്ങളെ ഇഷ്ടപ്പെടുകയോ അവൻ ചെയ്യില്ല.

(അടിമകൾ) സൃഷ്ടികൾ യഥാർഥത്തിൽ തന്നെ കർമ്മങ്ങളനുഷ്ഠിക്കുന്നവരാണ് (കർമ്മങ്ങൾക്കുടമകളാണ്) അവരുടെ കർമ്മങ്ങളുടെ സൃഷ്ടാവ് അല്ലാഹുവാണ്. അടിമകളിൽ വിശ്വാസികളും സത്യനിഷേധികളും പുണ്യവാന്മാരും ദോഷികളും നമസ്കാരക്കാരും നോ

ന്യുകാരുമുണ്ടാകും. അടിമകൾക്ക് അവരുടെ കർമ്മങ്ങൾക്കുള്ള കഴിവുണ്ട്, ഇച്ഛാ ശക്തിയുണ്ട്. എന്നാൽ അല്ലാഹുവാണ് അവരുടെ ഇച്ഛയുടെയും കഴിവിന്റെയും സൃഷ്ടാവായിട്ടുള്ളവൻ. അല്ലാഹു പറഞ്ഞത് പോലെ:

﴿لِمَن شَآءَ مِنكُمۡ أَن يَسۡتَقِيمَ ﴿٢٨﴾ وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُ رَبُّ ٱلۡعَٰلَمِينَ ﴿٢٩﴾﴾

"അതായത് നിങ്ങളുടെ കൂട്ടത്തിൽ നിന്ന് നേരെ നിലകൊള്ളാൻ ഉദ്ദേശിച്ചവർക്ക് വേണ്ടി. ലോക രക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല." (തക്‌വീർ : 28, 29)

'ക്വദരിയ്യാ'ക്കളിലെ ഭൂരിഭാഗവും നിഷേധിക്കുന്നത് വിധിവിശ്വാസത്തിലെ ഈഭാഗമാണ്. അവരെ പറ്റി നബി (സ) 'ഈ സമുദായത്തിലെ മജൂസികൾ' എന്നാണ് പേര് നൽകിയത്. അവരിലെ ഒരു വിഭാഗം വിധിയെ സ്ഥാപിക്കുന്നതിൽ അതിരുകവിയുകയും അടിമകൾക്ക് യാതൊരുവിധ കഴിവോ തിരഞ്ഞെടുപ്പോ ഇല്ലെന്ന് വാദിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ പ്രവർത്തനങ്ങൾ, അവന്റെ വിധിവിലക്കുകൾ– അതിലെ യുക്തിയും ജനനന്മയും– സംബന്ധിച്ച കാര്യങ്ങളിലെല്ലാം ഇസ്‌ലാമികവൃത്തത്തിൽ നിന്നും പുറത്തുപോകുന്നു.

# ആറ്

അഹ്ലുസ്സുന്നത്തിവൽ ജമാഅ:യുടെ (വിശ്വാസസംഹിതയിലെ) അടിസ്ഥാനകാര്യങ്ങളിൽപ്പെട്ടതാണ്.

(ദീൻ) മതം, ഈമാൻ (വിശ്വാസം) എന്നിവ വാക്കും പ്രവർത്തന വും രണ്ടും ചേർന്നതാണ്. അഥവാ മനസ്സാലും നാവാലുമുള്ള വാക്കും, മനസ്സ് , നാവ് ശരീരാവയവങ്ങൾ എന്നിവ കൊണ്ടുള്ള പ്രവർത്തന ങ്ങളും ഉൾചേർന്നതാണ്. ഈമാൻ സൽകർമ്മങ്ങൾ കൊണ്ട് അധിക രിക്കുകയും ദുഷ്കർമ്മങ്ങളാൽ കുറയുകയും ചെയ്യും. എന്നാൽ 'ഖവാ രിജു'കളെ പോലെ 'അഹ്ലുൽ ഖിബ്ല'യെ (നമ്മുടെ ഖിബ്ലയെ ഖിബ്ലയായി സ്വീകരിക്കുകയും നാം അറുത്തത് ഭക്ഷിക്കുകയും, നമ്മുടെ നമസ്കാരം നമസ്ക്കരിക്കുകയും ചെയ്യുന്നവർ) നിരുപാധി കം അവരുടെ തെറ്റുകളുടേയും വൻപാപങ്ങളുടേയും പേരിൽ സത്യ നിഷേധം (കുഫ്റ്) ആരോപിക്കുകയുമില്ല. പാപങ്ങളോടൊപ്പം തന്നെ വിശ്വാസപരമായ സാഹോദര്യം സുസ്ഥാപിതമാകുന്നു. അല്ലാഹു പറഞ്ഞത് പോലെ.

﴿فَمَنْ عُفِيَ لَهُۥ مِنْ أَخِيهِ شَىْءٌ فَٱتِّبَاعٌۢ بِٱلْمَعْرُوفِ﴾

"ഇനി അവന് (കൊലയാളിക്ക് ) തന്റെ സഹോദരന്റെ പക്ഷത്ത് നിന്ന് വല്ല ഇളവും ലഭിക്കുകയാണെങ്കിൽ അവൻ മര്യാദ പാലിക്കു കയും, നല്ല നിലയിൽ (നഷ്ടപരിഹാരം) കൊടുത്തു വീട്ടുകയും ചെ യ്യേണ്ടതാകുന്നു." (ബഖറ : 178)

﴿وَإِن طَآئِفَتَانِ مِنَ ٱلْمُؤْمِنِينَ ٱقْتَتَلُوا۟ فَأَصْلِحُوا۟ بَيْنَهُمَا ۖ فَإِنۢ بَغَتْ إِحْدَىٰهُمَا عَلَى ٱلْأُخْرَىٰ فَقَٰتِلُوا۟ ٱلَّتِى تَبْغِى حَتَّىٰ تَفِىٓءَ إِلَىٰٓ أَمْرِ ٱللَّهِ ۚ فَإِن فَآءَتْ فَأَصْلِحُوا۟ بَيْنَهُمَا بِٱلْعَدْلِ وَأَقْسِطُوٓا۟ ۖ إِنَّ ٱللَّهَ يُحِبُّ ٱلْمُقْسِطِينَ ۝ إِنَّمَا ٱلْمُؤْمِنُونَ إِخْوَةٌ فَأَصْلِحُوا۟ بَيْنَ أَخَوَيْكُمْ ۚ﴾

"സത്യവിശ്വാസികളിൽ നിന്നുള്ള രണ്ടുവിഭാഗങ്ങൾ പരസ്പരം പോരടിച്ചാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കണം. എന്നിട്ട് രണ്ടിൽ ഒരു വിഭാഗം മറുവിഭാഗത്തിനെതിരിൽ അതിക്രമം കാണിച്ചാൽ അതിക്രമം കാണിക്കുന്ന വിഭാഗത്തോട്, അവർ അല്ലാഹുവിന്റെ കൽപനയിലേക്ക് മടങ്ങിവരുന്നതുവരെ നിങ്ങൾ സമരം നടത്തുകയും അങ്ങിനെ ആ വിഭാഗം മടങ്ങി വരികയാണെങ്കിൽ നീതിപൂർവ്വം ആ രണ്ടു വിഭാഗങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുകയും നിങ്ങൾ നീതി പാലിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു നീതിപാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു." (ഹുജുറാത്ത് : 9)

ഒരു തെമ്മാടിയും പാപിയുമായ മുസ്‌ലിം ഇസ്‌ലാം മില്ലത്തിൽ നിന്നും മൊത്തമായും പുറത്തു പോകുമെന്നോ, മുഅ്തസലികൾ പറയുന്നത് പോലെ നരകത്തിൽ നിത്യവാസിയായിരിക്കുമെന്നോ അവർ (അഹ്‌ലുസ്സുന്ന:) വാദിക്കില്ല. എന്നാൽ മൊത്തത്തിൽ ഈമാനിന്റെ വൃത്തത്തിൽ അവൻ പ്രവേശിക്കും; "വിശ്വാസിയായ ഒരടിമയെ മോചിപ്പിക്കുക" എന്ന് അല്ലാഹു പറഞ്ഞതു പോലെ. ചിലപ്പോഴൊക്കെ നിരുപാധികം ഈമാനിന്റെ ഭാഷ്യത്തിൽ പ്രവേശിക്കണമെന്നുമില്ല. അല്ലാഹു പറയുന്നു:

﴿إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ إِذَا ذُكِرَ ٱللَّهُ وَجِلَتْ قُلُوبُهُمْ وَإِذَا تُلِيَتْ عَلَيْهِمْ ءَايَٰتُهُۥ زَادَتْهُمْ إِيمَٰنًا﴾

"അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചു കേൾപ്പിക്കപ്പെട്ടാൽ വിശ്വാസം വർദ്ധിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപ്പിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ."(അൻഫാൽ: 2)

പ്രവാചകൻ (സ) പറഞ്ഞു:

لاَ يَزْنِي الزَّانِي حِينَ يَزْنِي وَهُوَ مُؤْمِنٌ، وَلا يَسْرِقُ السَّارِقُ حِينَ يَسْرِقُ وَهُوَ مُؤْمِنٌ، وَلاَ يَشْرَبُ الْخَمْرَ حِينَ يَشْرَبُهَا وَهُوَ مُؤْمِنٌ، وَلاَ يَنْتَهِبُ نَهْبَةً ذَاتَ شَرَفٍ يَرْفَعُ النَّاسُ إِلَيْهِ فِيهَا أَبْصَارَهُمْ حِينَ يَنْتَهِبُهَا وَهُوَ مُؤْمِنٌ

"വ്യഭിചാരി വ്യഭിചരിക്കുന്ന സമയത്ത് വിശ്വാസിയായ നിലയിൽ വ്യഭിചാരത്തിലേർപ്പെടില്ല, മോഷ്ടാവ് മോഷ്ഠിക്കുന്ന സമയത്ത് വിശ്വാസിയായ നിലക്ക് മോഷ്ടിക്കില്ല. മദ്യപാനി മദ്യപിക്കുന്ന സമയത്ത് വിശ്വാസിയായ നിലക്ക് മദ്യപിക്കില്ല."

നാം പറയും അവൻ (ഫാസിക്) വിശ്വാസിയാണ്; വിശ്വാസത്തിൽ കുറവ് സംഭവിച്ചിരിക്കുന്നു (എന്നതോടൊപ്പം തന്നെ). അല്ലെങ്കിൽ അവൻ തന്റെ വിശ്വാസം കൊണ്ട് വിശ്വാസിയും വൻപാപം കൊണ്ട് 'ഫസികും' ആകുന്നു. നിരുപാധികം ഈമാൻ എന്ന നാമം നൽകുകയോ നൽകാതിരിക്കുകയോ ചെയ്യില്ല എന്നർത്ഥം.

## ഏഴ്

അഹ്ലുസ്സുന്നത്തിവൽ ജമാഅത്തിന്റെ ഉസൂലുകളിൽ (മതാടിസ്ഥാനങ്ങളിൽ) പെട്ടതാണ്, അവർ റസൂലുല്ലാഹി (സ)യുടെ അനുചരന്മാരെ (സ്വഹാബാക്കൾ) സംബന്ധിച്ചകാര്യങ്ങളിൽ തങ്ങളുടെ മനസ്സുകളെയും നാവുകളെയും സംരക്ഷിതമാക്കും എന്നുള്ളത്. അവരെ പറ്റി അല്ലാഹു ഇപ്രകാരമാണ് വിശേഷിപ്പിച്ചത്.

﴿وَٱلَّذِينَ جَآءُو مِنۢ بَعْدِهِمْ يَقُولُونَ رَبَّنَا ٱغْفِرْ لَنَا وَلِإِخْوَٰنِنَا ٱلَّذِينَ سَبَقُونَا بِٱلْإِيمَٰنِ وَلَا تَجْعَلْ فِى قُلُوبِنَا غِلًّا لِّلَّذِينَ ءَامَنُوا۟ رَبَّنَآ إِنَّكَ رَءُوفٌ رَّحِيمٌ ﴿١٠﴾﴾

"അവരുടെ ശേഷം വന്നവർക്കും, അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ, ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു." (ഹശ്ർ: 10)

തിരുനബി (സ) യുടെ (കൽപ്പനയെ) അവർ അനുസരിക്കും:

لاَ تَسُبُّوا أَصْحَابِي فَوَالَّذِي نَفْسِي بِيَدِهِ لَوْ أَنَّ أَحَدَكُمْ أَنْفَقَ مِثْلَ أُحُدٍ ذَهَبًا مَا بَلَغَ مُدَّ أَحَدِهِمْ وَلا نَصِيفَهُ

"നിങ്ങൾ എന്റെ അനുചരന്മാരെ ചീത്തവിളിക്കരുത്. എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം നിങ്ങളിലൊരുവൻ ഉഹ്ദ് മലയോളം സ്വർണ്ണം (അല്ലാഹുവിന്റെ മാർഗത്തിൽ) ചിലവഴിച്ചാൽ പോലും അവരുടെ ഒരു മുദ്ദിനോളമോ അതിന്റെ പകുതിയോ (മേന്മയുടെ കാര്യത്തിൽ) എത്തുകയില്ല."

സ്വഹാബാക്കളുടെ ശ്രേഷ്ഠതകളും സ്ഥാനവും പദവിയുമെല്ലാം വിശദീകരിച്ചുകൊണ്ട് ക്വുർആനിലും സുന്നത്തിലും വന്നവ അവർ (അഹ്ലുസുന്നഃ) സ്വീകരിക്കും. മക്കാ വിജയത്തിന് അഥവാ ഹുദൈബിയ്യസന്ധിക്ക് മുമ്പ് അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കുകയും യുദ്ധം ചെയ്യുകയും ചെയ്തവരായസ്വഹാബക്കൾക്ക് പ്രസ്തുത സംഭവങ്ങൾക്കു ശേഷം ചിലവഴിക്കുകയും യുദ്ധം ചെയ്യുകയും ചെയ്തവരേക്കാൾ അഹ്ലുസ്സുന്ന: മുൻഗണന നൽകുന്നു. മുഹാജിരീങ്ങളെ അൻസ്വാരികളേക്കാൾ മുന്തിക്കുകയും ചെയ്യുന്നു. മുന്നൂറ്റി പത്തും മറ്റും വരുന്ന ബദർയുദ്ധ പോരാളികളോട് അല്ലാഹു,

اعْمَلُوا مَا شِئْتُم. فَقَدْ غَفَرْتُ لَكُمْ

"നിങ്ങൾ ഇച്ഛിക്കുന്നത് പ്രവർത്തിച്ചുകൊള്ളുക, ഞാൻ നിങ്ങൾക്ക് പൊറുത്തു തന്നിരിക്കുന്നു" എന്ന് പറഞ്ഞിട്ടുണ്ടെന്നും അവർ വിശ്വസിക്കുന്നു. നബി (സ) പറഞ്ഞതുപോലെ (രിള്വാൻ) വൃക്ഷത്തിനു ചുവട്ടിൽ ബൈഅത്ത് ചെയ്ത ആരും നരകത്തിൽ പ്രവേശിക്കില്ല. അവരെ അല്ലാഹുവും അവർ അല്ലാഹുവെയും തൃപ്തിപ്പെട്ടിരിക്കുന്നു. (ഇപ്രകാരം ബൈഅത്ത് ചെയ്തവർ) ആയിരത്തിനാന്നൂറിലേറെ പേരുണ്ടായിരുന്നു. (ഇവയിലെല്ലാം അഹ്ലുസുന്നഃ വിശ്വസിക്കുന്നു.)

റസൂലുല്ലാഹി (സ) ആർക്കൊക്കെ സ്വർഗം കൊണ്ട് സാക്ഷ്യം വഹിച്ചുവോ അവർക്ക് അഹ്ലുസുന്നഃയും സ്വർഗം കൊണ്ട് സാക്ഷ്യം വഹിക്കുന്നു. സ്വർഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ട പത്തുപേരും (അശ്റത്തുൽ മുബശ്ശിരീൻ), സാബിത്തിബ്നു ഖൈസ് ബിൻ ശമ്മാസും തുടങ്ങിയ സ്വഹാബാക്കളാണവർ.

അമീറുൽ മുഅ്മിനീൽ അലി (റ) വിൽ നിന്നും മറ്റു സ്വഹാബാക്കളിൽ നിന്നും അവർ പ്രസ്ഥാവിച്ചതായി മുതവാത്തിറായ[3] നിലക്ക് നിവേദനം ചെയ്യപ്പെട്ടത് അവർ അംഗീകരിക്കുന്നു. (അതായത്) ഈ സമുദായത്തിലെ- പ്രവാചകനുശേഷം - ഏറ്റവും ഉത്തമർ അബൂബക്കറാണ്, ശേഷം ഉമർ (റ) മൂന്നാമതായി ഉസ്മാൻ (റ)വെയും നാലാമതായി അലി (റ)വെയും അവർ പരിഗണിക്കുന്നു; പ്രമാണങ്ങൾ തെളിയിക്കുന്നതും അപ്രകാമാണ്. ബൈഅത്ത് (ഭരണസാരഥ്യം ഏൽപ്പിക്കുന്ന കരാർ) ചെയ്യുന്നതിൽ (അലി(റ) യേക്കാൾ) ഉസ്മാൻ(റ)വിനെ മുന്തിക്കുന്നതിൽ സ്വഹാബാക്കൾ ഏകാഭിപ്രായക്കാരായിരുന്നു. അഹ്ലുസ്സുന്നഃയിൽപ്പെട്ട ചിലർ അലി (റ)വിന്റെയും ഉസ്മാൻ (റ)വിന്റെയും കാര്യത്തിൽ ഭിന്നാഭിപ്രായം വെച്ചു പുലർത്തിയിട്ടുണ്ട്. അബൂബക്കർ ശേഷം ഉമർ എന്ന കാര്യത്തിൽ അവർക്ക് അഭിപ്രായവ്യത്യാമില്ല. എന്നാൽ ശേഷം മറ്റു രണ്ടു സ്വഹാബികളിൽ ആരാണുത്തമൻ എന്നതിൽ ചിലർ വ്യത്യസ്ഥാഭിപ്രായംവെച്ചു പുലർത്തി. അവരിൽ ചിലർ ഉസ്മാനെ മുന്തിക്കുകയും മൗനം പാലിക്കുകയും അലിയെ നാലാമനായി എണ്ണുകയും ചെയ്തു. അവരിൽ ചിലർ അലിയെ മുന്തിച്ചു. ചിലർ രണ്ട് അഭിപ്രായവും പറയാതെ മൗനമവലംഭിച്ചു. എന്നാൽ ഉസ്മാൻ (റ)വിനെ ശ്രേഷ്ഠതയിൽ മുന്തിക്കണം ശേഷം അലി (റ)യെ എന്ന കാര്യത്തിൽ അഹ്ലുസ്സുന്നഃയുടെ കാര്യം (നിലപാട്) ഉറച്ചിരിക്കുന്നു. ഉസ്മാൻ, അലി ആരെ മുന്തിക്കണമെന്ന പ്രശ്നത്തിൽ അഭിപ്രായ വ്യത്യാസം പുലർത്തുന്നവർ വഴിപിഴക്കുമെന്ന നിലപാട് അഹ്ലുസ്സുന്നഃയുടെ ഭൂരിഭാഗം പണ്ഡിതന്മാർക്കും ഇല്ല. എന്നാൽ അവരിൽ 'ഖിലാഫത്തി'ന്റെ വിഷയത്തിൽ എതിരഭിപ്രായമുള്ളവർ പിഴക്കുന്നതാണ്. അതായത് റസൂൽ (സ)ക്ക് ശേഷമുള്ള ഖലീഫ അബൂബക്കർ, ഉമർ ശേഷം ഉസ്മാൻ, ശേഷം അലി എന്നിങ്ങനെയാണെന്ന് അഹ്ലുസ്സുന്നഃ വിശ്വാസിക്കുന്നു. ഇവരിൽ ആരുടെയെങ്കിലും 'ഖിലാഫത്തി'നെ എതിർക്കുകയോ ന്യൂനത ആരോപിക്കുകയോ ചെയ്യുന്നവർ അവന്റെ നാട്ടിലെ കഴുതയേക്കാൾ പിഴച്ചവനാണ്.

---

3. നിവേദക പരമ്പരയിൽ (സനദ്) ഓരോ സന്ധിയിലും അനവധി വിശ്വാസ്ഥരായ ഒരുപാടുപേർ ചേർന്നുവരുന്ന- വാസ്തവ വിരുദ്ധമാകാൻ യാതൊരു പഴുതുമില്ലാത്ത വിധം നമ്മിലേക്ക് എത്തിച്ചേർന്ന- ഹദീഥുകളാണ് മുതവാത്തിറുകളായ ഹദീസുകൾ - (വിവ.)

അഹ്ലുസ്സുന്നഃ റസൂൽ (സ)യുടെ കുടുംബത്തെ സ്നേഹിക്കുകയും കൂറുവെച്ചുപുലർത്തുകയും ചെയ്യുന്നു. 'ഖും നദീ ദിവസം' (ഒരു നദിയുമായി ബന്ധപ്പെട്ട സംഭവം) റസൂൽ (സ) പ്രസ്ഥാവിച്ച

أُذَكِّرُكُمُ اللهَ فِي أَهْلِ بَيْتِي

"എന്റെ വീട്ടുകാരുടെ കാര്യത്തിൽ ഞാൻ നിങ്ങളെ അല്ലാഹുവെ പറ്റി ഓർമപ്പെടുത്തുന്നു" എന്ന ഉപദേശം അവർ കാത്തു സൂക്ഷിക്കുന്നു. ഖുറൈശികളിലെ ചിലർ ഹാശിം കുടുംബത്തെ അകറ്റുന്നുവെന്ന് റസൂൽ (സ)യുടെ പിതൃവ്യൻ അബ്ബാസ് റസൂലിനോട് പരാതിപ്പെട്ടപ്പോൾ അദ്ദേഹമരുളി:

وَالَّذِي نَفْسِي بِيَدِهِ؛ لاَ يُؤْمِنُونَ حَتَّى يُحِبُّوكُمْ؛ للهِ وَلِقَرَابَتِي

"എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം. നിങ്ങളെ (നബി കുടുംബത്തെ) അല്ലാഹുവിന് വേണ്ടിയും എന്നോടുള്ള അടുത്ത (കുടുംബ) ബന്ധത്തിന്റെ പേരിലും സ്നേഹിക്കുന്നതുവരെ അവർ വിശ്വാസികളാകില്ല."

അദ്ദേഹം (സ) പറഞ്ഞു:

إِنَّ اللهَ اصْطَفَى بَنِي إِسْمَاعِيلَ، وَاصْطَفَى مِنْ بَنِي إِسْمَاعِيلَ كِنَانَةَ، وَاصْطَفَى مِنْ كِنَانَةَ قُرَيْشًا، وَاصْطَفَى مِنْ قُرَيْشٍ بَنِي هَاشِمٍ، وَاصْطَفَانِي مِنْ بَنِي هَاشِمٍ

"തീർച്ചയായും അല്ലാഹു ഇസ്മാഈൽ സന്തതികളെ തിരഞ്ഞെടുത്തിരിക്കുന്നു, ഇസ്മാഈൽ സന്തതികളിൽ നിന്നും 'കിനാന'ക്കാരെ തിരഞ്ഞെടുത്തിരിക്കുന്നു. 'കിനാന'യിൽ നിന്നും ഖുറൈശികളെ തിരഞ്ഞെടുത്തിരിക്കുന്നു. ഖുറൈശികളിൽ നിന്നും ഹാശിം സന്തതികളെയുംഹാശിമുകളിൽ നിന്ന് എന്നെയും തിരഞ്ഞെടുത്തിരിക്കുന്നു."

റസൂൽ (സ) യുടെ പത്നിമാരെ വിശ്വാസികളുടെ മാതാക്കളായി അവർ സ്വീകരിക്കുന്നു, അവർ പരലോകത്തും അദ്ദേഹത്തിന്റെ പത്

നിമാരാണെന്ന് അവർ വിശ്വസിക്കുന്നു. പ്രത്യേകിച്ച് രണ്ടു പത്നിമാർ, (അവർക്ക് പ്രത്യേക ശ്രേഷ്ഠത നൽകുന്നു) ഒന്ന്, ഖദീജ (റ): പ്രവാചകന്റെ അധിക സന്താനങ്ങളുടേയും മാതാവ്, ആദ്യമായി അദ്ദേഹത്തിൽ വിശ്വസിച്ചവർ, അദ്ദേഹത്തിന്റെ (സ) കാര്യങ്ങളിൽ ശക്തി പകർന്നവരും, പ്രവാചകന്റെ അടുക്കൽ ഉന്നത സ്ഥാനമുള്ളവരുമായിരുന്നു.

രണ്ട്, സ്വിദ്ദീക്വ. (അയിശ:) ബിൻത്ത് അസ്സ്വിദ്ദീക്വ്(റ). അവരെ പറ്റി പ്രവാചകൻ (സ) ഇപ്രകാരം പറയുകയുണ്ടായി: മറ്റു സ്ത്രീകളേക്കാൾ ആയിശക്കുള്ള ശ്രേഷ്ഠത, എല്ലാ ഭക്ഷണത്തേക്കാളും 'സരീദി'നുള്ള (നുറുക്കിയ റൊട്ടിയും ഇറച്ചിയും കലർത്തിയ ഒരു ഇനം സ്വാദിഷ്ട ഭക്ഷണം) ശ്രേഷ്ഠതയാണ്.

സ്വഹാബാക്കളെ വെറുക്കുകയും ചീത്ത വിളിക്കുകയും ചെയ്യുന്ന 'റാഫിളി'കളിൽ നിന്നും അഹ്ലുസുന്നഃ വിദൂരരാകുന്നു. പ്രവാചക കുടുംബത്തെ വാചാ-കർമ്മണാ ഉപദ്രവിക്കുകയും അവർക്കിടയിൽ സംഭവിച്ച ഭിന്നിപ്പുകൾ എടുത്തു പറഞ്ഞ് ആക്ഷേപിക്കുകയും ചെയ്യുന്ന 'നവാസ്വിബു'കളുടെ പാതയിൽ നിന്നും അവർ കുറ്റമുക്തരാണ്. സ്വഹാബാക്കളുടെ പ്രത്യേകിച്ച് നബികുടുംബത്തിന്റെ ദൂഷ്യങ്ങളെ സംബന്ധിച്ച് നിവേദനം ചെയ്യപ്പെട്ട നിവേദനങ്ങൾ കളവായതും, ഏറ്റകുറച്ചിലുകൾ സംഭവിച്ചവയും, ഉദ്ദേശാർഥത്തിൽ നിന്ന് മാറ്റങ്ങൾ വരുത്തിയവയും ഉണ്ട്. ഇനി അവരുടെ ദോഷങ്ങളെ സംബന്ധിച്ച് സ്വീകാര്യയോഗ്യമായിവന്ന സംഭവങ്ങളിൽ തന്നെ ഗവേഷണാത്മകമായി (ഇജ്തിഹാദ്) അവർക്ക് തെറ്റുപറ്റി അല്ലെങ്കിൽ ശരിയായി എന്ന ഒഴികഴിവുള്ളവരാണവർ. അതോടൊപ്പം സ്വഹാബാക്കൾ ചെറു-വൻ പാപങ്ങളിൽ നിന്നും 'മഅ്സൂമു'കളാണ് ( പാപസുരക്ഷിതർ) എന്ന് അഹ്ലുസുന്നഃ വിശ്വസിക്കുന്നില്ല. ചുരുക്കത്തിൽ അവർക്ക് പാപങ്ങളുണ്ടാകാം. അതോടൊപ്പം അവരിൽ നിന്നും സംഭവിച്ച തെറ്റുകുറ്റങ്ങൾ പൊറുക്കപ്പെടാൻ മാത്രം ശ്രേഷ്ഠതയും ഇസ്ലാമിലേക്ക് മുൻകടന്നവർ എന്ന് സ്ഥാനവും അവർക്കുണ്ട്. എത്രത്തോളമെന്നാൽ, അവർക്ക് (സ്വഹാബാക്കൾക്ക് ) ശേഷം കടന്നുവരുന്നവർക്കാർക്കും പൊറുത്തുകൊടുക്കാത്ത അത്രയും (അധികം) സ്വഹാബത്തിന് അല്ലാഹു പൊറുത്തു കൊടുക്കും. കാരണം, ശേഷക്കാർക്കില്ലാത്ത - പാപങ്ങളെമായ്ച്ചുകളയാനുതകുന്ന - എത്രയോ നന്മകൾ സ്വഹാബാക്കൾക്കുണ്ട്.

ഏറ്റവും ഉത്തമജനതയാണവരെന്നും അവരുടെ - ദാനധർമ്മത്തി ലെ ഒരു മുദ്ധിനോ അതിനടുത്തോ ശേഷക്കാരിലാരും മലയോളം സ്വർണ്ണം ചിലവഴിച്ചാലും എത്തുകയില്ലെന്ന് റസൂൽ (സ) പറഞ്ഞതാ യി സ്ഥിരപ്പെട്ടിട്ടുണ്ട്.

ഇനി , അവരിലാർക്കെങ്കിലും തെറ്റു സംഭവിച്ചിട്ടുണ്ടെങ്കിൽ അതി ൽനിന്നുമവർ പശ്ചാതപിക്കുകയോ അതിനെ മായ്ച്ചു കളയാൽ മാ ത്രം നന്മകൾ പ്രവർത്തിക്കുകയോ ചെയ്തിട്ടുണ്ട്. അല്ലെങ്കിൽ അവരു ടെ അഗ്രഗണ്യതയാലൊ പ്രവാചകന്റെ 'ശഫാഅത്താ'ലൊ അവർക്ക് പൊറുത്തുകൊടുക്കപ്പെട്ടിട്ടുണ്ട്; പ്രവാചകന്റെ 'ശഫാഅത്ത്' ലഭിക്കാ ൻ ഏറ്റവും അർഹർ അവരാണല്ലൊ. അതുമല്ലെങ്കിൽ ഇഹലോകത്ത് അവരനുഭവിച്ച ഏതെങ്കിലും പരീക്ഷണത്തിന്റെ പേരിൽ പാപങ്ങൾ മായ്ക്കപ്പെട്ടിരിക്കും. ഇനി, ഇതെല്ലാം അവർ ചെയ്ത ( ചെയ്തതാ യി സ്ഥിരപ്പെട്ടാൽ) യഥാർഥ പാപങ്ങളുടെ കാര്യമാണ്. (എങ്കിൽ) ഗവേഷണ വിഷയത്തിൽ (ഇജ്തിഹാദ്) അവർക്ക് പറ്റിയ വീഴ്ചക ളുടെ കഥയെന്താണ്? (ഗവേഷണ വിഷയങ്ങളിൽ) അവർക്കുതെറ്റി യാൽ ഒരു കൂലിയും തെറ്റുപൊറുക്കപ്പെടുകയും ചെയ്യും, ശരിയായാ ൽ രണ്ട് കൂലിയും.

മാത്രമല്ല അവരുടെ പ്രവർത്തനങ്ങളിൽ വന്ന വിഴ്ചകൾ, അവ രുടെ ശ്രേഷ്ഠതകളെയും നന്മകളെയും അടുക്കൽ താരതമ്യം ചെയ്ത നോക്കുമ്പോൾ പൊറുക്കപ്പെടുന്നവയും അൽപവും നാമമാ ത്രവുമാണ്. അല്ലാഹുവിലും അവന്റെ ദൂതനിലുമുള്ള വിശ്വാസം, അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമ്മ സമരവും പാലായനവും, യുദ്ധവിജയങ്ങളും, ഉപകാരപ്രദമായ വിജ്ഞാനവും, സൽകർമ്മങ്ങളും തുടങ്ങിയ നന്മകളുടെ അടുക്കൽ (അവരുടെ നാമമാത്ര വീഴ്ചകൾ എത്ര നിസ്സാരങ്ങൾ). (പ്രസ്തുത) സമുദായത്തിന്റെ ചരിത്രം ഉൾക്കാ ഴ്ചയോടെ ഒരു വൈജ്ഞനിക പഠനം നടത്തുക. അല്ലാഹു അവർക്ക് അനുഗ്രഹിച്ചരുളിയ ശ്രേഷ്ഠതകൾ അറിഞ്ഞാൽ, പ്രവാചകന്മാർക്കു ശേഷം സൃഷ്ടികളിലേറ്റവും ഉത്തമർ അവരാണെന്ന് ഉറപ്പായും മന സ്സിലാകും. അവരെ പോലെ ഒരു സമൂഹം ഉണ്ടായിട്ടുമില്ല ഉണ്ടാകു കയുമില്ല. അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും ഉത്തമരും ആദരണീയ രുമായ ഈ സമുദായത്തിലെ ഏറ്റവും ഉത്തമരായ സംഘമാണ് അവർ.

അഹ്ലുസ്സുന്നയുടെ അടിസ്ഥാനങ്ങളിൽപ്പെട്ടതാണ് 'വലിയ്യ്' കളുടെ (അല്ലാഹുന്റെ ഇഷ്ടദാസന്മാരും സൽകർമ്മങ്ങൾ കൊണ്ട്

അവനിലേക്കടുത്തവരും) 'കറമത്ത്'കളും (അവരെ ആദരിച്ചുകൊണ്ട് അല്ലാഹു നൽകുന്ന പ്രത്യേക സഹായങ്ങൾ) അവരുടെ കൈകളാൽ സംഭവിക്കുന്ന അസാധാരണ സംഭവങ്ങളും സത്യപ്പെടുത്തുക എന്നത്. ഈ അസാധാരണ സംഭവവികാസങ്ങൾ വിജ്ഞാനീയങ്ങളുടേയും വെളിപാടുകളുടേയും മേഖലകളിലാകാം. പ്രത്യേക കഴിവുകളും സ്വാധീനശക്തികളുമാകാം. സൂറത്തുൽ കഹ്ഫിലുള്ളതുപോലെ മുൻകാല സമൂഹങ്ങളിൽ നിന്നോ ഈ സമുദായത്തിലെ ആദ്യക്കാരായ സ്വഹാബാക്കൾ താബിഉകൾ തുടങ്ങിയവരിൽ നിന്നും സംഭവിച്ചവയോ സമുദായത്തിലെ ഏതുകാലഘട്ടത്തിലേയും (യഥാർഥ വലിയ്യുകളിൽ നിന്ന്) സംഭവിച്ചവയെല്ലാം (സംഭവ്യവും) അന്ത്യദിനംവരെ ഉണ്ടാകുന്നവയുമാകുന്നു.

## എട്ട്

റസൂൽ (സ) യുടെ ഹദീഥുകളെ - (പ്രത്യക്ഷവും പരോക്ഷവുമായി - അനുഗകരിക്കുക എന്നത് അഹ്ലുസ്സുന്നത്തിവൽ ജമാഅ:യുടെ വഴിയാണ്, മുഹാജിരീങ്ങളും അൻസാരികളുമായ (നന്മയിൽ) മുൻകടന്ന ആദ്യതലമുറക്കാരെ പിൻതുടരലും അവരുടെ (അഹ്ലുസ്സുന്നഃ) പാതയാണ്.

عَلَيْكُمْ بِسُنَّتِي وَسُنَّةِ الْخُلَفَاءِ الرَّاشِدِينَ الْمَهْدِيِّينَ مِنْ بَعْدِي، تَمَسَّكُوا بِهَا، وَعَضُّوا عَلَيْهَا بِالنَّوَاجِذِ، وَإِيَّاكُمْ وَمُحْدَثَاتِ الأُمُورِ؛ فَإِنَّ كُلَّ بِدْعَةٍ ضَلالَةٌ

"നിങ്ങൾ എന്റെ ചര്യയേയും സന്മാർഗികളും സച്ചരിതരുമായ എന്റെ ഖലീഫമാരുടെ ചര്യയേയും നിങ്ങൾ മുറുകെ പിടിക്കുക, അണപ്പല്ല് കൊണ്ട് അതിന്മേൽ കടിച്ചുപിടിക്കുക. കാര്യങ്ങളിലെ പുതുതായി ഉണ്ടാക്കപ്പെടുന്നവയെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും (ഇസ്ലാമിൽ) പുതുതായി പടച്ചുണ്ടാക്കുന്നവയെല്ലാം (ബിദ്അത്ത) വഴികേടാണ്" എന്ന റസൂൽ (സ)യുടെ ഉപദേശത്തെ അവർ ശിരസ്സാവഹിക്കുന്നു. ഏറ്റവും സത്യസന്ധമായ വചനം അല്ലാഹുവിന്റെയും ഏറ്റവും ഉത്തമമായ ചര്യ മുഹമ്മദ് നബി (സ)യുടേതുമാണെന്ന് അവർ മനസ്സിലാക്കുകയും, ജനങ്ങളുടെ സംസാരങ്ങളേക്കാളെല്ലാം അല്ലാഹുവിന്റെ വചനങ്ങൾക്ക് അവർ മുൻഗണന നൽകുകയും ചെയ്യുന്നു. മുഹമ്മദ് നബി (സ) യുടെ ചര്യയെ മറ്റാരുടേയും

ചര്യയേക്കാൾ അവർ മുന്തിക്കുന്നു. അതുകൊണ്ട് തന്നെ ക്വുർആന്റെയും സുന്നത്തിന്റെയും ആളുകൾ എന്ന് അവർ വിളിക്കപ്പെട്ടു. 'അഹ്ലുൽ ജമാഅഃ' എന്നും വിളിക്കപ്പെടുന്നു. കാരണം 'ജമാഅ:' എന്നാൽ 'ഇജ്മാഅ്' (ഐക്യപ്പെടുക) ആകുന്നു, അതിനു വിപരീതമാണ് കക്ഷിത്വം. വൈജ്ഞാനിക-മത മേഘലകളിൽ അവലംബമാക്കപ്പെടുന്ന മൂന്നാമത്തെ അടിസ്ഥാനമാണ് 'ഇജ്മാഅ്'. ജനങ്ങളുടെ സംസാരങ്ങളിലും പ്രവർത്തനങ്ങളിലും - അവയിലെ പ്രത്യക്ഷവും പരോക്ഷവുമായ ഏതുകാര്യങ്ങളിലും, അവ മതവുമായി ബന്ധപ്പെട്ട വയാണെങ്കിൽ ഈ മൂന്ന് അടിസ്ഥാനങ്ങൾ (ക്വുർആൻ, സുന്നത്ത്, ഇജ്മാഅ്) കൊണ്ട് അവർ (അഹ്ലുസുന്നഃ) അലംഗൃതമാക്കുന്നു. സച്ചരിതരായ പൂർവ്വസൂരികൾ (സലഫുസ്സ്വാലിഹ്) ഏതൊന്നിൽ നിലകൊണ്ടിരുന്നുവോ അതാകുന്നു നിഷ്കർഷിത 'ഇജ്മാഅ്'. അവർക്കുശേഷം (സലഫുസ്സ്വാലിഹക്ക് ശേഷം ) സമുദായം ഭൂമിയിൽ പരക്കുകയും അഭിപ്രായാന്തരങ്ങൾ അധികരിക്കുകയും ചെയ്തു.

## ഒമ്പത്

ഈ അടിസ്ഥാനതത്വങ്ങളോടൊപ്പം മതശാസനകൾക്കനുസൃതമായി അവർ നന്മകൽപ്പിക്കുകയും തിന്മവിരോധിക്കുകയും ചെയ്യുന്നു. ഹജ്ജ്, ജിഹാദ് (ധർമ്മ സമരം), ഒരുമിച്ചുകൂടലുകൾ, ആഘോഷങ്ങൾ എല്ലാം നിർവഹിക്കേണ്ടത് ( ഭരണസാരധികളായ) നേതാക്കളോടൊപ്പമാണ് (അവരുടെ സാക്ഷ്യത്തിലാണ്) എന്നവർ അഭിപ്രായപ്പെടുന്നു. അവർ സംഘടിത നമസ്ക്കാരങ്ങളിൽ സൂക്ഷ്മതവെച്ചുപുലർത്തുകയും ചെയ്യുന്നു.

الْمُؤْمِنُ لِلْمُؤْمِنِ كَالْبُنْيَانِ الْمَرْصُوصِ؛ يَشُدُّ بَعْضَهُ بَعْضًا

"ഒരു വിശ്വാസി മറ്റൊരു വിശ്വാസിക്ക് കെട്ടിടം പോലെയാണ്, അതിൽ ചിലത് ചിലതിനെ ശക്തിപ്പെടുത്തുന്നു" (രണ്ടുവിരലുകൾ ചേർത്തു പിടിച്ചുകൊണ്ടാ നബി(സ) ഇതു പറഞ്ഞത്) എന്ന പ്രവാചക വാചനത്തിന്റെ ആശയത്തിൽ അവർ വിശ്വസിക്കുന്നു. പ്രവാചകൻ (സ) പറഞ്ഞു:

"പരസ്പര സ്നേഹത്തിലും, കാരുണ്യത്തിലും , അനുകമ്പയിലും വിശ്വാസികളുടെ ഉപമ ഒരു ശരീരം കണക്കെയാണ്. അതിലൊരു അവയവത്തിന് രോഗം വന്നാൽ, പനിച്ചും ഉറക്കമൊഴിച്ചും ശരീരത്തിലെ എല്ലാ അവയവങ്ങളും പങ്കുചേരും." പരീക്ഷണങ്ങളിൽ സഹനവും ക്ഷേമങ്ങളിൽ നന്ദിയും, വിധിയുടെ കൈപ്പേറിയ (നാളുകളിൽ) തൃപ്തിയും മുറുകെ പിടിക്കാൻ അവർ കൽപ്പിക്കുന്നു, ശ്രേഷ്ഠസ്വഭാവത്തിലേക്കും സുകൃതങ്ങളിലേക്കും അവർ ക്ഷണിക്കുന്നു.

أَكْمَلُ الْمُؤْمِنِينَ إِيمَانًا أَحْسَنُهُمْ خُلُقًا

"വിശ്വാസി ഏറ്റവും സമ്പൂർണ്ണ വിശ്വാസത്തിനുടമ അവരിലേറ്റവും നല്ല സ്വഭാവക്കാരനാണ്". എന്ന പ്രവാചക വചനത്തിന്റെ ആശയത്തിൽ അവർ വിശ്വസിക്കുന്നു. നിന്നോട് ബന്ധം മുറിക്കുന്നവരോട് അങ്ങോട്ട് ബന്ധം ചേർക്കുവാനും, തടയുന്നവന് നൽകുവാനും, ദ്രോഹിക്കുന്നവന് അങ്ങോട്ട് വിട്ടുവീഴ്ച ചെയ്യുവാനും അവർ പ്രേരിപ്പിക്കുന്നു. മാതാപിതാക്കളോട് നന്മ ചെയ്യുക, കുടുംബ ബന്ധം ചേർക്കുക, അയൽപക്ക ബന്ധം നന്നാക്കുക, അനാഥകൾ, അഗതിക, യാത്രക്കാർ എന്നിവരോട് നന്മചെയ്യുക, അധികാരത്തിന് കീഴിലുള്ളവരോട് സൗമ്യതകാട്ടുക തുടങ്ങിയ കാര്യങ്ങൾ അവർ കൽപ്പിക്കുന്നു. പൊങ്ങച്ചം, അഹങ്കാരം, അതിക്രമം, അവകാശമുണ്ടായി കൊണ്ടോ അല്ലാതെയൊ സൃഷ്ടികളുടെ മേൽനടത്തുന്ന കയ്യേറ്റം എന്നിവയിൽ നിന്നെല്ലാം അവർ വിലക്കുന്നു. ഉന്നതമായ സ്വഭാവഗുണങ്ങൾക്കൊണ്ട് കൽപ്പിക്കുകയും ദുസ്സ്വഭാവങ്ങളിൽ നിന്ന് വിലക്കുകയും ചെയ്യുന്നു. ഇതും ഇതല്ലാത്തതുമായ എന്തൊക്കെ കാര്യങ്ങൾ അവർ പറയുന്നുണ്ടോ അതവർ പ്രവർത്തിക്കുകയും ചെയ്യുന്നു. അക്കാര്യങ്ങളിൽ അവർ ക്വുർആനിന്റെയും സുന്നത്തിന്റെയും വാഹകരാണ്. മുഹമ്മദ് (സ) ഏതൊരു മതവുമായി നിയോഗിതനായോ ആ മതമാകുന്ന ഇസ്‌ലാമാണ് അവരുടെ പാന്ഥാവ്. എന്നാൽ മുഹമ്മദ് നബി (സ)യുടെ സമൂഹം എഴുപത്തിമൂന്ന് കക്ഷികളായി ഭിന്നിക്കുമെന്നും അവയിൽ ഒന്നൊഴികെ എല്ലാവരും നരകത്തിലാകുമെന്നും രക്ഷപ്പെടുന്ന ഒരു സംഘം- ഒരു ഹദീഥിൽ വന്നതു പോലെ "ഞാനും എന്റെ സ്വഹാബികളും ഏതൊന്നിൽ നിലകൊണ്ടുവോ അതു പോലെയുള്ള (സരണിയിൽ) നിലകൊള്ളുന്നവരാണ് അവർ" എന്നും പ്രവാചകൻ (സ) അറിയിച്ചു തന്നപ്പോൾ, ഋജുവും സ്വച്ഛവുമായ ഇസ്‌ലാമിനെ മുറുകെ പിടിക്കുന്നവരായി അവർമാറി. അവരാണ് 'അഹ്ലുസുന്നത്തി വൽ ജമാഅ:'. അവരിൽ സിദ്ദീക്വുകളും (അങ്ങേയറ്റം ഇസ്‌ലാമിനെ സത്യപ്പെടുത്തുന്നവർ) രക്തസാക്ഷികളും സൽകർമ്മികളുമുണ്ട്. അവരിലാണ് സന്മാർഗികളായ മഹാരഥൻമാരും പ്രകാശ ദീപങ്ങളായ വഴികാട്ടികളുമുള്ളത്. പദവികളുടെയും ശ്രേഷ്ഠതകളുടെയും ഉടമകൾ. അവരിൽ നവോത്ഥാന നായകരും സന്മാർഗത്തിൽ മുസ്‌ലിംകളെ ഒരുമിച്ചുകൂട്ടിയ പണ്ഡിതശിരോമണികളുമുണ്ട്.

لاَ تَزَالُ طَائِفَةٌ مِنْ أُمَّتِي عَلَى الْحَقِّ مَنْصُورَةً، لاَ يَضُرُّهُم مَّنْ خَالَفَهُمْ، وَلاَ مَنْ خَذَلَهُمْ؛ حَتَّى تَقُومَ السَّاعَةُ

"സത്യത്തിൻ മേൽ സഹായിക്കപ്പെട്ടവരായി ഒരു വിഭാഗം എന്റെ സമുദായത്തിൽ (അന്ത്യനാൾ വരെ) നിലനിൽക്കും. അവരെ എതിർക്കുന്നവരും വഞ്ചിക്കുന്നവരും അവർക്കൊരു ദോഷവും വരുത്തില്ല; അന്ത്യനാൾ സംഭവിക്കുന്നതുവരെ" എന്ന് നബി (സ) പറഞ്ഞ 'അത്ത്വാഇഫത്തുൽ മൻസൂറ:'യാകുന്നു അവർ ( അഹ്ലുസ്സുന്ന: ).അവരിൽ നമ്മെ ഉൾപ്പെടുത്താനും, സന്മാർഗം സിദ്ധിച്ചതിന് ശേഷം നമ്മുടെ ഹൃദയങ്ങളെ തെറ്റിക്കാതിരിക്കുവാനും, കാരുണ്യം ചൊരിയുവാനും അല്ലാഹുവോട് നാം തേടുന്നു. തീർച്ചയായും അവൻ അങ്ങേയറ്റം നൽകുന്നവനാണ്. അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ.

മുഹമ്മദ് നബിക്കും അദ്ദേഹത്തിന്റെ കുടുംബം, അനുചരന്മാർ എന്നിവർക്കും അല്ലാഹു ഗുണം ചെയ്യുകയും അത്യധികം സമാധാനം നൽകുകയും ചെയ്യട്ടെ.

************

**സൽസബീൽ സലഫി സംഘം**